Vol.XXVII,No.2

February 2011

# യേശു ജീവിക്കുന്നു

Yesu Jeevikkunnu

A Publication of Grace Ministries of India

# സ്നേഹ കാഹളത്തിന് സമാപനം – നവ ആത്മീക ചൈതന്യത്തിന്റെ ശുഭാരംഭം

– സ്വന്തം ലേഖകൻ –

## ‘ലൗ ഇന്ത്യ 2010’ പ്രോഗ്രാമിന് ജാർഘണ്ടിൽ സമാപനം

**ഭാ**രതത്തിന്റെ സർവ്വകോണുകളിലും വ്യാപരിച്ച ദൈവീക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ജി.എം.ഐയുടെ ’ലൗ ഇന്ത്യ 2010’ പ്രോഗ്രാമിന് ജാർഘണ്ടിലെ പാകൂർ ഗ്രെയ്സ് ഫെസ്റ്റോടു കൂടി തിരശീല വീണു. ചരിത്രത്തിൽ ആദ്യമായി പൊതുവേദിയിൽ സംഘടിപ്പിക്കപ്പെട്ട സുവിശേഷ യോഗമായി തീർന്ന വെസ്റ്റ് ബംഗാളിലെ ന്യൂ ഫറാക്ക ഗ്രെയ്സ് ഫെസ്റ്റിന് സാക്ഷ്യം വഹിച്ച ശേഷമായിരുന്നു ജി.എം.ഐയുടെ റെസിഡന്റ് മിഷണറിമാരും മൊബൈൽ ടെന്റ് ടീമും അടങ്ങിയ സംഘം പാകൂറിൽ എത്തിച്ചേർന്നത്.



**സ്നേഹത്തിന്റെ ഇടയനു മുന്നിൽ:** ലൗ ഇന്ത്യ 2010 ന്റെ അവസാനത്തെ മഹാ യോഗമായ ജാർഘണ്ട് പാകൂർ ഗ്രെയ്സ് ഫെസ്റ്റിലെ സമർപ്പണ പ്രാർത്ഥന

ഒരിക്കൽ ബീഹാറിന്റെ ഭാഗമായിരുന്ന, ആദിവാസികൾ തിങ്ങി പാർക്കുന്ന ജാർഘണ്ട് സംസ്ഥാനത്തിലെ പാകൂർ പട്ടണത്തിൽ സന്താൾ എന്ന ഗോത്ര വർഗ്ഗക്കാരാണ് താമസിച്ചു വരുന്നത്. ഇവിടെ നിലവിലുള്ള മെഥഡിസ്റ്റ്, പെന്തകോസ്ത് എന്നിവ അടങ്ങിയ സഭാ വിഭാഗങ്ങളുടെ സഹകരണത്തോടെ 2010 ജനുവരി 17, 18, 19 തീയതികളിൽ നടത്തപ്പെട്ട ഗ്രെയ്സ് ഫെസ്റ്റ് ആത്മ പകർച്ചയുടെയും അനുഗ്രഹത്തിന്റെയും മൂന്നു ദിനങ്ങളായിരുന്നു. അനേകം രോഗികൾക്ക് സൗഖ്യവും, യുവതീയുവാക്കൾക്ക് പരിശുദ്ധാത്മാവിന്റെ നിറവും പ്രാപി

(തുടർച്ച 6–ാം പേജിൽ....)





ന്യൂ ഫറാക്ക യോഗങ്ങളിൽ സന്നിഹിതരായിരുന്ന ജനവും, പാക്കൂർ ഗ്രെയ്സ് ഫെസ്റ്റിൽ അനുഗ്രഹം പകർന്ന കുരുന്നുകളുടെ ഗാനശുശ്രൂഷയും

## പുതുവർഷത്തിന് അനുഗ്രഹമാരി ചൊരിഞ്ഞ് ഗ്രെയ്സ് ഫെസ്റ്റ് 2011

തിരുവനന്തപുരം : 2011–ാം വർഷത്തെ ജി.എം.ഐയുടെ പ്രവർത്തനങ്ങൾക്കു സമാരംഭം കുറിച്ചു കൊണ്ട്, ജനുവരി 1, 2, 3, 4 തീയ്യതികളിൽ തിരുവന്തപുരം, കവടിയാർ സാൽവേഷൻ ആർമി ഗ്രൗണ്ടിൽ അനുഗ്രഹീതമായി ഗ്രെയ്സ് ഫെസ്റ്റ് സംഘടിപ്പിക്കപ്പെട്ടു. തിരക്കേറിയ ജീവിതത്തിനിടയിലും ദൈവവചനം ശ്രവിക്കാനുള്ള ആഗ്രഹത്തോടെ അനേകം ജനങ്ങൾ ഈ ആത്മീയ സംഗമത്തിൽ പങ്കെടുത്തു. ആഗോള കാലാവസ്ഥ വ്യതിയാനം കേരളത്തെയും പ്രതികൂലമായി ബാധിച്ചിരുന്ന 2011–ലെ ആദ്യ ദിവസങ്ങളിലെ കോരിച്ചൊരിയുന്ന മഴ ഈ മഹാ സംഗമത്തെ പ്രതികൂലമായി ബാധിക്കാതെ തെളിഞ്ഞ വൈകുന്നേരങ്ങൾ സമ്മാനിച്ച സ്നേഹനാഥന്റെ കൃപ അതിശയകരമായിരുന്നു.

ബന്ധങ്ങളുടെ പ്രാധാന്യതയും നൈതികതയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മനുഷ്യനോടും പ്രകൃതിയോടും ദൈവത്തോടും ഒരു പോലെ സ്നേഹത്തിൽ വർത്തിക്കാനുള്ള ആഹ്വാനം തന്റെ സന്ദേശങ്ങളിലൂടെ നല്കിക്കൊണ്ട് സഹോ. ഡി.ജെ. അജിത്കുമാർ ജനഹൃദയങ്ങളെ ആത്മീക ഉണർവിലേക്ക് ആനയിച്ചു.





**ശ്രേഷ്ഠനാഥനു മഹത്വമർപ്പിച്ചു കൊണ്ട്:** 2011–ാം വർഷത്തെ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ച തിരുവനന്തപുരം ഗ്രെയ്സ് ഫെസ്റ്റിൽ നിന്നും.

വിശ്വാസത്തിൽ അധിഷ്ഠിതമായ ജീവിതത്തിന്റെ വ്യത്യസ്ഥ ചുവടുകളെ സംബന്ധിച്ച ആഴമായ അവബോധം തുടർന്നുള്ള ദിനങ്ങളിൽ നൽകപ്പെട്ടു. അവസാന ദിനം 2011–ൽ ദൈവം നൽകിയ 7 വാഗ്ദത്തങ്ങളിലൂടെ ദൈവീക അനുഗ്രഹങ്ങളുടെ പുത്തൻ നീരുറവ ജനത്തിന്റെ മുന്നിൽ തുറക്കപ്പെട്ടു. ജി.എം.ഐയുടെ സംഗീത വിഭാഗം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. അനേകം അത്ഭുതങ്ങൾക്കും രോഗ സൗഖ്യത്തിനും സാക്ഷ്യം വഹിച്ച നാല് ദിനങ്ങൾ സകലരുടേയും ജീവിതത്തിൽ ഒരു നൂതന സമർപ്പണത്തിന് വഴി ഒരുക്കി.

# ആത്മാവിനാൽ ചലിക്കുന്ന ആന്ധ്രാപ്രദേശ് ഗ്രാമങ്ങൾ

*- മിഷൻ ന്യൂസ് ബ്യൂറോ -*

**ആ**ന്ധ്രാപ്രദേശിലെ ജി.എം.ഐ. മിഷണറിമാർ ഗ്രാമങ്ങളിൽ കടന്നുപോയി ഉത്സാഹപൂർവ്വം വചനം അറിയിക്കുന്നതിന്റെ ഫലമായി അനേകർ ക്രിസ്തുവിന്റെ സ്നേഹത്തിലേക്ക് ആകൃഷ്ടരാകുന്നു.

### അത്ഭുത മുഖാന്തരത്തിലൂടെ രക്ഷയിലേക്ക്

നിസാംപള്ളി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. സുരേഷ് പോൾ ഗോരികൊത്താപള്ളി, കോനാറാവുപേട്ട, ഗാൻജിറെ നിഗുഡം എന്നീ ഗ്രാമങ്ങളിലെ ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷം അറിയിച്ചു. വത്സമ്മാ, മൊഗിലി എന്നീ വ്യക്തികൾക്ക് അനുഭവപ്പെട്ടിരുന്ന ശാരീരിക വൈഷമ്യതകളിൽ നിന്നും പ്രാർത്ഥനയിലൂടെ വിടുതൽ ലഭിച്ചു. ജേക്കബ്ബ്, റാഹേൽ എന്നിവർ പിന്മാറ്റവസ്ഥയിൽ നിന്നും മടങ്ങിവന്നു. സതീഷ് എന്ന ലോറി ഡ്രൈവർക്കുവേണ്ടി മിഷണറി സ്ഥിരമായി പ്രാർത്ഥിച്ചുവന്നിരുന്നു. താൻ ഒരു വലിയ ആക്സിഡന്റിൽ നിന്നും അത്ഭുതകരമായി വിടുവിക്കപ്പെടുകയും തത്ഫലമായി യേശുവിൽ വിശ്വസിക്കുവാൻ ഇടയായിത്തീരുകയും ചെയ്തു. സഹോ. സുരേഷ് പോളിന്റെ ശുശ്രൂഷകളിൽ ദൈവകൃപ വ്യാപരിക്കേണ്ടതിനായി പ്രാർത്ഥിക്കാം

### ജലസ്നാനമേറ്റ് ക്രിസ്തുവിനോട് ചേർന്നു

ആന്ധ്രാപ്രദേശിലെ രംഗറെഡ്ഡി ജില്ലയിലെ വികരാബാദ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. ശാലേം രാജു ഭവന സന്ദർശനം, ലഘുലേഖകളുടെയും സുവിശേഷ പ്രതികളുടെയും വിതരണം, വ്യക്തിഗത സുവിശേഷീകരണം എന്നീ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് ദൈവരാജ്യവിസ്തൃതിയ്ക്കായി അദ്ധ്വാനിക്കുന്നു. കേരള്ളിയിലെ ബാബുറാവു എന്ന വ്യക്തി സഹോ. ശാലേം രാജുവിന്റെ ശുശ്രൂഷയിലൂടെ കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി അംഗീകരിക്കുവാനും ജലസ്നാനമേൽക്കുവാനും ഇടയായിത്തീർന്നു. വലതുകാലിനു അപകടം സംഭവിച്ച് വളരെ വേദനയാൽ ഭാരപ്പെട്ട ബക്കമ്മ എന്ന സഹോദരിക്ക് പ്രാർത്ഥനയിലൂടെ വേദനയിൽ നിന്നും പൂർണ്ണ വിടുതൽ ലഭിച്ചു. അത് ആ കുടുംബത്തിലെ എല്ലാവരുടെയും രക്ഷാ നിർണ്ണയത്തിനും ഹേതുവായി.

### ദു:ശ്ശീലങ്ങളിൽ നിന്നും വിടുതൽ

ഗുൺറാത്തി മഡുഗു ഗ്രാമത്തിലെ അരുണാ, പത്മ, സന്തോഷിമ; പെഢതണ്ട തണ്ട ഗ്രാമത്തിലെ ബാനോത്ത് ലക്ഷ്മി; ഗൊല്ല ഗുഡം ഗ്രാമത്തിലെ എലിസബത്ത്; ഡുബ്ബ ഗുഡം ഗ്രാമത്തിലെ രാംബാബു എന്നീ വ്യക്തികൾക്ക് സഹോ. പ്രകാശ്ബാബുവിന്റെ പ്രാർത്ഥനയിലൂടെ വിവിധ രോഗങ്ങളിൽ നിന്നും സൗഖ്യം ലഭിച്ചു. ഡുബ്ബ ഗുഡം ഗ്രാമത്തിലെ വെങ്കിടേഷ് എന്ന വ്യക്തി കടുത്ത മദ്യപാനിയായിരുന്നു. അതുമൂലം ആ ഭവനത്തിൽ സമാധനമില്ലാത്ത അവസ്ഥയായിരുന്നു. സഹോ. പ്രകാശ് ബാബുവിലൂടെ ദൈവവചനം ശ്രവിച്ച അവർ ഇപ്പോൾ കുടുംബമായി കൂട്ടയ്മയിൽ കടന്നുവരുന്നു. കർത്താവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ച ആ ഗൃഹനാഥൻ എല്ലാ ദു:ശ്ശീലങ്ങളിൽ നിന്നും പൂർണ വിടുതൽ പ്രാപിച്ചത് ആ കുടുംബം ദിവ്യസമാധാനം കൈവരിക്കുന്നതിന് കാരണമായിത്തീർന്നു.

### ക്രിസ്തുവിന്റെമാതൃക പിന്തുടർന്നുകൊണ്ട്

ലേബർത്തിയിലെ ബാസ്കുല കൊമരയ്യ എന്ന വ്യക്തി 5 ദിവസമായി കഠിനമായ പനിബാധിച്ച് ആഹാരം പോലും ഇല്ലാതെ അവശനായി തന്റെ ഭവനത്തിൽ കഴിയുകയായിരുന്നു. ഒറ്റയ്ക്കു താമസിച്ചിരുന്ന ആ വ്യക്തിയെ നമ്മുടെ മിഷണറി സഹോ. അരുൺ കുമാർ സ്വഭവനത്തിൽ കൊണ്ടുവന്ന് ശുശ്രൂഷിക്കുകയും പ്രാർത്ഥനയിലൂടെ താൻ പൂർണ സൗഖ്യം പ്രാപിക്കുകയും ചെയ്തു. ലേബർത്തി, അന്നാരം, വർദ്ധനപ്പേട്ട്, ഗന്നാരാം എന്നീ ഗ്രാമങ്ങളിലാണ് സഹോ. അരുൺ കുമാർ പ്രവർത്തിക്കുന്നത്.

### സത്യദൈവത്തിന്റെ അരികിലേക്ക്

വികരാബാദ് തണ്ടയിലെ സുജാത എന്ന 20 വയസ്സുള്ള സഹോദരി ഗർഭിണിയായിരുന്ന സമയത്ത് വളരെ പ്രയാസങ്ങൾ ഉണ്ടായി. വിഗ്രഹാരാധിയായിരുന്ന ആ സഹോദരി ചികിത്സയിലും മന്ത്രവാദത്തിലും ആശ്രയിച്ചെങ്കിലും സൗഖ്യം ലഭിച്ചില്ല. സഹോ. ടി. എബ്രഹാം ആ സഹോദരിയെ സന്ദർശിച്ച് യേശുവിനെക്കുറിച്ച് പറയുകയും സൗഖ്യത്തിനായി ദൈവത്തോടപേക്ഷിക്കുകയും ചെയ്തു. പൂർണസൗഖ്യം പ്രാപിച്ച താൻ ഇപ്പോൾ സ്ഥിരമായി കൂട്ടായ്മകളിൽ പങ്കെടുത്തു വരുന്നു. തെഗുലഗൂഡം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. ടി. എബ്രഹാമിന്റെ ശുശ്രൂഷയിലൂടെ സെക്കന്തരാബാദ് തണ്ടയിലെ കേത്തി സുജാതയും റെഡ്ഡിയാലയിലെ ചപാല വെങ്കണ്ണ; ജില്ലാല ഗുഢത്തിലെ വാസം രാമുല എന്നിവരുടെ കുടുംബങ്ങളും രക്ഷിക്കപ്പെട്ടു.ആന്ധ്രാപ്രദേശിലെ ജി.എം.ഐ. മിഷണറിമാർ തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യങ്ങൾ ആത്മാർത്ഥമായി നിർവ്വഹിച്ചുകൊണ്ട് അനേകരെ ദൈവരാജ്യത്തിനായി ആദായപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇനിയും അവരുടെ പ്രവർത്തനങ്ങൾ അഭിവൃദ്ധി പ്രാപിക്കേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം.

## മൊബൈൽ ടെന്റ് ടീം കേരളത്തിൽ

2010 -ലെ ഭാരത പര്യടന പരിപാടികൾക്ക് ജാർഘണ്ട് സംസ്ഥാനത്തിൽ സമാപനം കുറിച്ച ശേഷം ജി.എം.ഐയുടെ മൊബൈൽ ടെന്റ് ടീം കേരളത്തിൽ എത്തിച്ചേർന്നു. ഇന്ത്യയിൽ സുവിശേഷം കേട്ടിട്ടില്ലാത്ത ജനതയ്ക്കിടയിൽ സുവിശേഷത്തിന്റെ മഹൽ ധ്വനിയുമായി കടന്നുപോകുവാൻ, പുതിയ വർഷം ഉയരത്തിലെ പിതാവിങ്കൽ നിന്നുള്ള പുത്തൻ ചൈതന്യവുമായി മൊബൈൽ ടെന്റ് ടീം തയ്യാറെടുത്തു കഴിഞ്ഞു. 2011-ൽ ഭാരതത്തിന്റെ മുഴുവൻ മേഖലകളിലും സുവിശേഷ ധ്വനി എത്തിക്കുവാനായി കേരളത്തിൽ ആരംഭം കുറിച്ചിരിക്കുന്ന ഗ്രെയ്സ് ഫെസ്റ്റ് 2011 മഹായോഗങ്ങളിലൂടെ മൊബൈൽ ടെന്റ് ടീമിന്റെ 2011-ലെ പ്രവർത്തനങ്ങൾക്ക് തുടക്കമായി. സഹോ. ബഞ്ചമിന്റെ നേതൃത്വത്തിലുള്ള ടെന്റ് ടീമിന്റെ സാന്നിധ്യം കേരളത്തിലെ പ്രവർത്തനങ്ങൾക്ക് ഏറെ അനുഗ്രഹം പ്രദാനം ചെയ്തുകൊണ്ടിരിക്കുന്നു.

മൊബൈൽ ടെന്റ് ടീം അംഗങ്ങൾ, ടെന്റ് മിനിസ്ട്രിയുടെ വകയായ രണ്ടു ബസ്സുകൾ, ടെന്റ് യൂണിറ്റ്, സൗണ്ട് സിസ്റ്റം തുടങ്ങിയ അനവധിയായ ഉപകരണങ്ങൾ, 2011 -ലെ ടീമിന്റെ യാത്രകൾ, ശുശ്രൂഷയ്ക്കായി എത്തിച്ചേരേണ്ടതായ വിവിധ ഗ്രാമങ്ങൾ - സകലതും ദൈവകരങ്ങളാൽ സൂക്ഷിക്കപ്പെടുകയും, നിർവ്വഹിക്കപ്പെടുവാനുള്ള എല്ലാ ശുശ്രൂഷകളും ഏറ്റവും ഫലവത്തായി തീരുകയും ചെയ്യുവാൻ ശ്രദ്ധയോടെ പ്രാർത്ഥിച്ചാലും.

## മിഷണറിയാത്ര

**ഭാരത്തിൽ നടക്കുന്ന അനുഗ്രഹീതമായ മിഷണറി പ്രവർത്തനങ്ങൾ അടുത്തറിയുവാൻ നിങ്ങൾക്കായി ജി.എം.ഐ ഒരുക്കുന്ന മിഷണറി യാത്രയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന എല്ലാവരും എത്രയും വേഗം പേരുകൾ രജിസ്റ്റർ ചെയ്യുക. 10 ദിവസങ്ങൾ നീളുന്ന ഈ മിഷണറി യാത്രയിൽ മദ്ധ്യപ്രദേശ് കൂടാതെ ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യയുടെ മിഷണറി സഹോദരങ്ങൾ പ്രവർത്തിക്കുന്ന വയൽ പ്രദേശങ്ങളും സന്ദർശിക്കുന്നു. ഈ അനുഗ്രഹീത സന്ദർഭം പരമാവധി പ്രയോജനപ്പെടുത്തിയാലും.**

*ബന്ധപ്പെടുക:-*

*ഫോൺ:* **09447795680, 0471 -2311439**



# ഭയപ്പെടേണ്ട എന്നു പിന്നേയും പറയുന്നു

*ഡി.ജെ. അജിത്കുമാർ*

**2011** -ാമത് വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ ഈ വർഷവും നമുക്കു ദൈവീക വാഗ്ദത്തങ്ങളിൽ ആശ്രയിക്കാം. അത് മാത്രമാണ് നമുക്കുള്ള പ്രത്യാശയും ധൈര്യവും. ദൈവ വചനത്തിലെ എഴുതപ്പെട്ട എല്ലാ വാഗ്ദത്തങ്ങളിലും ദൈവം വിശ്വസ്തനാണ്. എല്ലാ വാഗ്ദത്തങ്ങളും യേശുക്രിസ്തുവിൽ ഉവ്വു എന്നത്രേ എന്നു പൗലൊസും പറയുന്നു (2 കൊ. 1:19, 20). ഒരാളിന്റെ ആത്മീയ ജീവിതത്തിൽ ദൈവത്തിന്റെ വാഗ്ദത്തങ്ങളാണ് അയാളുടെ കാലിനു ദീപവും പാതയ്ക്കു പ്രകാശവും ആയിരിക്കുന്നത്. വാഗ്ദത്തങ്ങളിലെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് നാം ജീവിക്കുന്നത് - ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ.

യെശ. 44-ാം അദ്ധ്യായത്തിലെ ഏഴു വാഗ്ദത്തങ്ങളാണ് ഈ സന്ദേശത്തിലൂടെ നാം ധ്യാനിക്കുന്നത്.

**1. ഭയപ്പെടേണ്ട:**

“ഇപ്പോഴോ, എന്റെ ദാസനായ യാക്കോബേ, ഞാൻ തിരഞ്ഞെടുത്ത യിസ്രായേലേ, കേൾക്ക, നിന്നെ ഉരുവാക്കിയവനും ഗർഭത്തിൽ നിന്നെ നിർമ്മിച്ചവനും നിന്നെ സഹായിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. എന്റെ ദാസനായ യാക്കോബേ, ഞാൻ തിരഞ്ഞെടുത്ത യേശുരൂനേ, നീ ഭയപ്പെടേണ്ട (44:1, 2) നിങ്ങൾ ഭയപ്പെടേണ്ട, പേടിക്കയും വേണ്ട; പണ്ടു തന്നെ ഞാൻ നിന്നോടു പ്രസ്താവിച്ചു കേൾപ്പിച്ചിട്ടില്ലയോ? നിങ്ങൾ എന്റെ സാക്ഷികൾ ആകുന്നു: ഞാനല്ലാതെ ഒരു ദൈവമുണ്ടോ? ഒരു പാറയും ഇല്ല; ഞാൻ മറ്റൊരുത്തനേയും അറിയുന്നില്ല” (44:8). ഇന്നു ലോകത്തിൽ ഭയം കൊണ്ട് നിറഞ്ഞിരിക്കുന്നു. വിവിധ രോഗങ്ങളാൽ, കുടുംബ പ്രശ്നങ്ങളാൽ, മലിനമാക്കപ്പെട്ട അന്തരീക്ഷത്താൽ മനുഷ്യൻ ഭയത്തിൽ ജീവിക്കുന്നു. ‘എന്തു സംഭവിക്കുവാൻ പോകുന്നു’ എന്നു എല്ലാവരും ചിന്തിച്ചു വ്യാകുലപ്പെട്ടു കൊണ്ടിരിക്കുന്നു. ആഗോളതാപനം (Global Warming, Green House Effect) തുടങ്ങിയ പ്രതിഭാസങ്ങൾ മനുഷ്യനെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. വിലക്കയറ്റം പിടിച്ചു നിർത്താൻ കഴിയാതെ ഉന്നതതല നേതാക്കന്മാരുടെ ചർച്ചകൾ ഫലം കണ്ടെത്താതെ പിരിയുന്നു. വിവാഹമോചനങ്ങളുടെ എണ്ണം വർധിക്കുന്നു. എന്തെല്ലാം എന്തെല്ലാം പ്രശ്നങ്ങൾ! എന്നാൽ അപ്പോഴും സർവ്വശക്തനായ ദൈവം പറയുകയാണ് ‘നീ ഭയപ്പെടേണ്ട’; ഞാൻ പിന്നേയും പറയുന്നു - ‘നീ ഭയപ്പെടേണ്ട’.

ബൈബിളിൽ ആവർത്തിച്ചു പറയുന്ന ഒരു സന്ദേശമാണിത്. നമ്മുടെ ക്രിസ്തു കൃപ ആശ്രമത്തിൽ എല്ലാവർക്കും വായിക്കത്തക്ക രീതിയിൽ ഒരു വചനം എഴുതി വലുതായി വയ്ക്കണമെന്ന് എനിക്ക് ഒരിക്കൽ തോന്നി. ഏതു വചനം എഴുതണമെന്ന് പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ആശ്രമത്തിൽ ഇരുപത്തിയഞ്ച് ശതമാനം പേരെങ്കിലും അക്രൈസ്തവരാണ് വരുന്നത്. എല്ലാവർക്കും മനസ്സിലാകത്തക്കവിധത്തിലായിരിക്കണം. എല്ലാവർക്കും ഒരു സന്ദേശവും ലഭിക്കണം. ഒരു ദിവസം ശക്തമായി ഒരു ഉൾശബ്ദം കേട്ടു യേശു യായിറോസിനോട് പറയുന്ന വചനം (ലൂ. 8:50). “ഭയപ്പെടേണ്ട, വിശ്വസിക്ക മാത്രം ചെയ്യുക”. അങ്ങനെയാണ് ആ വചനം അവിടെ വയ്ക്കാൻ ഇടയായത്. അനേകർക്ക് അത് ആശ്വാസമായി. കടലിൽ തിരമാലകൾ അടിക്കുന്നത് പോലെയാണ് ജീവിതത്തിലെ പ്രശ്നങ്ങൾ; ഒരോന്നായി വന്നുകൊണ്ടിരിക്കും. ചില തിരമാലകൾ കണ്ടാൽ ഭയം തോന്നും. അതു അതേ ഉയരത്തിൽ കരയിൽ വന്നാൽ നമ്മെ കൂടെ അടിച്ചു നിലത്തിടുമെന്നു തോന്നും. എന്നാൽ കരയിൽ വന്നിട്ട് അതുപോലെ അത് തിരികെപ്പോകും. ബൈബിൾ പറയുന്നത്: തിരമാലയ്ക്കു പോലും ദൈവം അതിര് വച്ചിരിക്കുന്നുവെന്നാണ്. (ഇയ്യോ. 38:10, 11; 26:10; സങ്കീ. 89:9; യിര.5:22; സദൃ. 8:29; സങ്കീ. 104:9) “ഇതുവരെ നിനക്കു വരാം. ഇതു കടക്കരുതു, ഇവിടെ നിന്റെ തിരമാലകളുടെ ഗർവ്വം നിലക്കും എന്നു കൽപ്പിച്ചിരിക്കുന്നു. “മണൽ കൊണ്ടു കടലിനു അതിരുണ്ടാക്കി” എന്നും പറയുന്നു. എന്തെല്ലാം പ്രതികൂലങ്ങൾ ആഞ്ഞടിച്ചാലും അതിന് ഒരു അതിരുണ്ടാക്കി വച്ചിരിക്കുന്നു. അതു വരുന്നതു പോലെ തന്നെ തിരികെപ്പോകും. ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല. അതു കൊണ്ട് അവിടുന്ന് നമ്മോട് പിന്നേയും പറയുന്നു “ഭയപ്പെടേണ്ട’. ഈ വാഗ്ദത്തത്താൽ എപ്പോഴും ദൈവം നമ്മെ നടത്തട്ടെ.

**എന്തെല്ലാം പ്രതികൂലങ്ങൾ ആഞ്ഞടിച്ചാലും അതിന് ഒരു അതിരുണ്ടാക്കി വച്ചിരിക്കുന്നു. അതു വരുന്നതു പോലെ തന്നെ തിരികെപ്പോകും. ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല. അതു കൊണ്ട് അവിടുന്ന് നമ്മോട് പിന്നേയും പറയുന്നു “ഭയപ്പെടേണ്ട’. ഈ വാഗ്ദത്തത്താൽ എപ്പോഴും ദൈവം നമ്മെ നടത്തട്ടെ.**

**2. ആവശ്യങ്ങളുടെമേൽ അനുഗ്രഹം പകരും**

“ദാഹിച്ചിരിക്കുന്നെടത്തു ഞാൻ വെള്ളവും വരണ്ട നിലത്തു നീരൊഴുക്കുകളും പകരും”(44:3). നമ്മുടെ ആവശ്യങ്ങളുടെ മേൽ പകരുന്ന ഒരു അനുഗ്രഹമായി ഇതിനെ കാണാം. ജീവിതത്തിന്റെ ഏതൊക്കെ മേഖലകളിലാണോ വരണ്ട അവസ്ഥ കാണുന്നത് അവിടെയെല്ലാം നീരൊഴുക്കുകൾ പകരാം എന്നാണ് വാഗ്ദത്തം. നമ്മുടെ ഭാരങ്ങളെ ചുമക്കുന്ന ഒരു കർത്താവ് നമുക്കുണ്ട് എന്നു ഒരിക്കൽ കൂടെ ഇത്തരുണത്തിൽ ഓർക്കാമോ ? ‘യഹോയിരേ’യായി ആവശ്യങ്ങൾ തന്നു നടത്തുന്നവനാണീ ദൈവം.

ഇതുവരെയുള്ള എന്റെ അനുഭവവും അതുതന്നെ. ഓരോ ആവശ്യങ്ങളിലും എത്ര അത്ഭുതകരമായിട്ടാണ് കർത്താവു നമ്മെ നടത്തുന്നത്.

**3. സന്തതിയുടെമേൽ പകരുന്ന അഭിഷേകവും അനുഗ്രഹവും**

“നിന്റെ സന്തതിമേൽ എന്റെ ആത്മാവിനേയും നിന്റെ സന്താനത്തിന്മേൽ എന്റെ അനുഗ്രഹത്തേയും പകരും. അവർ പുല്ലിന്റെ ഇടയിൽ നീർത്തോടുകൾക്കരികെയുള്ള അലരികൾപോലെ മുളെച്ചു വരും. ഞാൻ യഹോവെക്കുള്ളവൻ എന്നു ഒരുത്തൻ പറയും; മറ്റൊരുത്തൻ തനിക്കു യാക്കോബിന്റെ പേരെടുക്കും; വേറൊരുത്തൻ തന്റെ കൈമേൽ: യഹോവെക്കുള്ളവൻ എന്നു എഴുതി, യിസ്രായേൽ എന്നു മറുപേർ എടുക്കും”(യെശ-44: 3,4,5).

സന്തതിയുടെമേൽ ആത്മാവിനേയും, അനുഗ്രഹത്തേയും പകരാമെന്നാണ് അടുത്ത വാഗ്ദത്തം. കുഞ്ഞുങ്ങളെക്കുറിച്ചു വളരെ വ്യാകുലപ്പെടുന്ന ഒരു കാലഘട്ടമാണിത്. ഇന്നത്തെ തലമുറ വിവിധ വെല്ലുവിളികളെ അഭിമുഖീകരിക്കേണ്ടിവരുന്നു ധാർമ്മികവും, ആത്മീകവുമായൊരു ജീവിതം നയിക്കാൻ അവർക്കു നന്നേ പരിശ്രമിക്കേണ്ടിവരുന്നു. എന്നാൽ അവരുടെ പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള കൃപ ദൈവം നൽകും. അവരെ ഓർത്ത് ദിനവും കർതൃകരങ്ങളിൽ കൊടുത്തുകൊണ്ട് പ്രാർത്ഥിക്കുക. നമ്മുടെ ജീവിതം കുട്ടികൾക്കു മാതൃയാക്കി കൊടുക്കുക. നമ്മുടെ ജീവിതം അവർക്കു ഇടർച്ചയായി തീരാതിരിക്കുക. ഒരുതരത്തിലും അവരെ പ്രകോപിപ്പിക്കാതിരിക്കുക. ഇതൊക്കെയാണ് നമുക്കു ചെയ്യാൻ കഴിയുന്നത്. കർത്താവിന്റെ മക്കളായി അവർ വളർന്നു വരാൻ ദൈവം അവരെ സഹായിക്കും.(മത്താ -18:6, മർ- 10:14, ലൂക്കോ-23:28).‘സന്തതി’ എന്നു പറയുമ്പോൾ മറ്റൊരു അർത്ഥവും കൂടെയുണ്ട്. നമ്മുടെ മറ്റു വസ്തുവകകൾ(possessions). അതെല്ലാം കർത്താവിന്റെ വകയായി തീരും. എല്ലാം ദൈവത്തിന്റെ കർതൃത്വത്തിന്റെ കീഴിൽ ആയിത്തീരട്ടെ.

**4. തിന്മയുടെ ശക്തികൾ വിറെച്ചു ലജ്ജിച്ചുപോകും**

“ഇതാ അവന്റെ കൂട്ടക്കാർ എല്ലാവരും ലജ്ജിച്ചുപോകുന്നു; കൗശലപ്പണിക്കാരോ മനുഷ്യരത്രേ; അവർ എല്ലാവരും ഒന്നിച്ചുകൂടി നിൽക്കട്ടെ. അവർ ഒരുപോലെ വിറെച്ചു ലജ്ജിച്ചു പോകും” (44:11).

യെശ 44:9 മുതൽ 20 വരെയുള്ള വചനങ്ങൾ വിഗ്രഹാരാധനയെക്കുറിച്ചും, വിഗ്രഹത്തെ ഉണ്ടാക്കുന്നവരെക്കുറിച്ചും പറയുന്നു. ഇതെല്ലാം തിന്മയുടെ ശക്തികളെ കാണിക്കുന്നു. ഈ ശക്തികളെല്ലാം വിറെച്ചു ലജ്ജിച്ചു പോകുമെന്നാണ് ദൈവം നൽകുന്ന വാഗ്ദത്തം.

ദൈവം അനുകൂലമെങ്കിൽ പ്രതികൂലം ആർ എന്നാണ് ദൈവ വചനം (റോ-8:31). നിങ്ങൾ നന്മ ചെയ്യുന്നതിൽ ശുഷ്ക്കാന്തിയുള്ളവർ ആകുന്നുവെങ്കിൽ നിങ്ങൾക്കു ദോഷം ചെയ്യുന്നവൻ ആർ (1 പത്രോ- 3:13). പൈശാചിക ശക്തികളെയെല്ലാം നശിപ്പിച്ച് കർത്താവ് ക്രൂശിൽ നമുക്കുവേണ്ടി മരിച്ചു (1 യോഹ. 3:8). ആഭിചാരത്തെയും, ക്ഷുദ്രപ്രയോഗങ്ങളെയും ഓർത്ത് വ്യാകുലപ്പെടേണ്ട ആവശ്യമില്ല. ദൈവത്തെ ഭയപ്പെട്ടു ജീവിക്കുക. കർത്താവു പറയുന്നത് ഇപ്രകാരമാണ്: “ ദേഹത്തെ കൊന്നിട്ടു പിന്നെ അധികമായി ഒന്നും ചെയ്യുവാൻ കഴിയാത്തവരെ ഭയപ്പെടേണ്ട. ആരെ ഭയപ്പെടേണം എന്നു ഞാൻ നിങ്ങൾക്കു കാണിച്ചുതരാം. കൊന്നിട്ടു നരകത്തിൽ തള്ളിക്കളവാൻ അധികാരമുള്ളവനെ ഭയപ്പെടുവിൻ”(ലൂക്കോ-12:5).

*(ശേഷം അടുത്ത പേജിൽ)*

# ബൈബിൾ ശബ്ദ സാഗരം

റവ. ജി. സുശീലൻ

പരസഹായം കൂടാതെ ബൈബിൾ പഠിക്കുന്നവർക്ക് ഒഴിച്ചുകൂടാനാവാത്ത നാലു അടിസ്ഥാന ഗ്രന്ഥങ്ങളാണ് ബൈബിൾ നിഘണ്ടു, ബൈബിൾ കൺകോഡൻസ്, അടിസ്ഥാന ദൈവശാസ്ത്രം, ബൈബിൾ ഭാഷ്യം എന്നിവ. ഇവയിൽ ഒടുവിലത്തേതിന് അഭാവമില്ല; എന്നാൽ ആദ്യത്തെ മൂന്നും അലഭ്യം എന്നു തന്നെ പറയാം. അതിനാൽ ഈ മൂന്നു വിഷയങ്ങളിലും എന്തെങ്കിലും ചെയ്യണമെന്ന താല്പര്യം അങ്കുരിച്ചു. വ്യവസ്ഥിത ദൈവശാസ്ത്രം രണ്ടു വാല്യങ്ങളിലായി പ്രസിദ്ധപ്പെടുത്തി. അതിനുശേഷമാണ് ബൈബിൾ ശബ്ദ സാഗരം പൂർത്തിയാക്കിയത്. 2003- ജൂലൈയിൽ ജി.എൽ.എസ്. ബൈബിൾ ശബ്ദ സാഗരം പ്രസിദ്ധപ്പെടുത്തി. പ്രതീക്ഷയിൽ കവിഞ്ഞ സ്വീകരണമാണ് പ്രസ്തുത ഗ്രന്ഥത്തിനു ലഭിച്ചത്.

ബൈബിളിന് ചില നിഘണ്ടുക്കൾ ഉണ്ടെങ്കിലും അവ പൂർണ്ണമോ പര്യാപ്തമോ അല്ല. അയ്യായിരത്തോളം പദങ്ങൾ മാത്രമേ അവ ഉൾക്കൊണ്ടിട്ടുള്ളൂ. ബൈബിൾ ശബ്ദസാഗരത്തിൽ സു. 10000 പദങ്ങളുണ്ട്. ബൈബിളിലെ ഒരു പദം പോലും വിട്ടുപോകാതെ വളരെ സൂഷ്മമായാണ് പദ സംഭരണം ചെയ്തത്. തന്മൂലം ബൈബിൾ ശബ്ദ സാഗരം സമ്പൂർണ്ണ ബൈബിൾ നിഘണ്ടുവാണ്. ബൈബിളിലെ സമസ്ത പദങ്ങൾക്കും സമഗ്രമായ വിശദീകരണം, വ്യക്തികൾ, സ്ഥലങ്ങൾ, സംഭവങ്ങൾ, തൊഴിലുകൾ ആചാരമര്യാദകൾ, അളവുകൾ തൂക്കങ്ങൾ, സസ്യജാലം, ജന്തുജാലം ഇത്യാദി എല്ലാ ബൈബിൾ വിഷയങ്ങൾക്കും വിപുലമായ വിവരണങ്ങൾ, എല്ലാ ദൈവശാസ്ത്രവിഷയങ്ങളെപ്പറ്റിയും പഠനങ്ങൾ, ബൈബിൾ സംഭവങ്ങളെയും സമകാലീന ലോക സംഭവങ്ങളെയും പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ടുള്ള ചരിത്ര സമാന്തരരേഖ, പുരാവസ്തു ഗവേഷണങ്ങളെ അടിസ്ഥാനമാക്കിയുള്ള ബൈബിൾ കാലഗണിതം, പുരാവസ്തു ഗവേഷണങ്ങളിൽ നിന്നും ലഭ്യമായ നവീന വിവരണങ്ങൾ, സുവിശേഷ സംഭവങ്ങളുടെ കാലാനുക്രമപ്പട്ടിക, വിജ്ഞാന പ്രദമായ ചാർട്ടുകൾ, മാപ്പുകൾ, ചിത്രീകരണങ്ങൾ, ബൈബിളിലെ ഓരോ പുസ്തകത്തിനും സംഗ്രഹപ്രവേശിക അതിരഴി, കടമൊഴി,കരപൂരണം,കല്ലാവ്, കൈക്കുറക് ചോരത്തളി എന്നിങ്ങനെ മലയാള മഹാ നിഘണ്ടുവിൽ പോലും കാണാത്ത അനേകം അപൂർവ്വ പദങ്ങൾ, ഒരു ലക്ഷത്തിലധികം റഫറൻസുകളും, ക്രോസ് റഫറൻസുകളും ഓരോ പദത്തിനും ഇംഗ്ലീഷിലും മൂല ഭാഷകളായ ഗ്രീക്കിലും എബ്രായയിലും കൊടുത്തിട്ടുള്ള സമാനപദങ്ങളും അവയുടെ വിശദീകരണങ്ങളും ആണ് ബൈബിൾ ശബ്ദ സാഗരത്തിന്റെ ഉള്ളടക്കം.

## ബൈബിൾ ശബ്ദ സാഗരത്തിന്റെ പ്രത്യേകതകൾ അഞ്ചാണ്

1. ഭാഷാശാസ്ത്രപരം. പുറം.9,10

ആകാരാദിക്രമത്തിലാണ് ശീർഷകങ്ങളുടെ സംവിധാനം. മലയാളത്തിന്റെ അക്ഷരമാലാക്രമം ഇന്നും സന്നിദ്ധമാണ്. വിജ്ഞാനകോശങ്ങളും നിഘണ്ടുകളും അംഗീകരിച്ചിട്ടുള്ള അകാരാദിക്രമത്തിൽ ചില വ്യത്യാസങ്ങൾ ദൃശ്യമാണ്. അനുവാചകർക്കു എളുപ്പം കണ്ടുപിടിക്കുവാൻ കഴിയുമാറ് ലളിതമായ അകാരാദിക്രമമാണ് ഈ നിഘണ്ടുവിൽ സ്വീകരിച്ചിട്ടുള്ളത്. ധ്വനി മൂല്യമല്ല, വർണ്ണ രൂപമാണ് അതിന് അടിസ്ഥാനം.

## സത്യവേദോദ്ധാരകോശം (ബൈബിൾ കൺകോർഡൻസ്)

മലയാളത്തിൽ ബൈബിളിന് 200 വർഷത്തെയും സത്യവേദപുസ്തകത്തിന് സു. നൂറുവർഷത്തെയും ചരിത്രമുണ്ട്. എന്നാൽ ഇതുവരെയും ഒരു സമ്പൂർണ്ണമായ ഉദ്ധാരകോശം (കൺകോർഡൻസ്) സത്യവേദപുസ്തകത്തിനുണ്ടായിട്ടില്ല. സ്വരാക്ഷരങ്ങൾ ഉൾക്കൊള്ളുന്ന ഒരു കൺകോർഡൻസ് (സത്യവേദാനുക്രമണിക ഒന്നാം വാല്യം) ക്രൈസ്തവ സാഹിത്യസമിതി(തിരുവല്ല) 1960-ൽ പ്രസിദ്ധപ്പെടുത്തി. വ്യഞ്ജനാക്ഷരങ്ങൾ അടങ്ങുന്ന രണ്ടു വാല്യങ്ങൾ തുടർന്നുണ്ടാകുമെന്നു അവതാരികയിൽ രേഖപ്പെടുത്തിയിരുന്നു. പ്രകാശിതമായ ഒന്നാം വാല്യം തന്നെ അപൂർണ്ണമാണ്. ഇംഗ്ലീഷ് കൺകോർഡൻസ് സത്യവേദപുസ്തക പഠനത്തിന് വലിയ പ്രയോജനം ചെയ്കയില്ല. പഠന കുതുകികളുടെ സമയം നഷ്ടപ്പെടുത്താനും, അബദ്ധങ്ങളിൽ ചാടിക്കാനുമേ അതുപകരിക്കു. തന്മൂലം എന്തു ത്യാഗമോ ചെലവോ നേരിട്ടാലും സത്യവേദപുസ്തകത്തിന് ഒരുദ്ധാരകോശം നിർമ്മിക്കാൻ തന്നെ തീരുമാനിച്ചു. C.L.S-26 വർഷത്തെ പ്രയത്നം ഇതിനുവേണ്ടി വിനിയോഗിച്ചു എന്നതു ഉദ്യമത്തിന്റെ അസാദ്ധ്യതയുടെ സാദ്ധ്യതയെയാണ് ചൂണ്ടിക്കാണിച്ചത്. ബൈബിൾ ശബ്ദ സാഗരത്തിന് പദാവലി തയ്യാറാക്കേണ്ടിവന്നു; കൺകോർഡൻസിന്റെ പണി ഏതാണ്ടു പൂർണ്ണാവസ്ഥയിൽ എത്തിക്കഴിഞ്ഞു. മൂന്നു ലക്ഷത്തോളം ഉദ്ധരണികൾ ഉണ്ടാകും. ബൈബിൾ ശബ്ദ സാഗരവും സത്യവേദോദ്ധാരകോശവും സമാന്തരമായി ഉപയോഗിക്കത്തക്ക രീതിയിലാണ് സംവിധാനം. ബൈബിൾ നിഘണ്ടു ഒരു ശബ്ദത്തെക്കുറിച്ചു വിവരണം നല്കുമ്പോൾ, പ്രസ്തുത പദത്തിന്റെ ആദ്യ പ്രയോഗം എവിടെയാണ്, എത്ര പ്രാവശ്യമാണ് പ്രയോഗിച്ചിട്ടുള്ളത്, സന്ദർഭത്തിലെ ആശയം എന്താണ്; ആവശ്യമായ വേദഭാഗം ഏതാണ് എന്നീ വിവരങ്ങൾ ഉദ്ധാരകോശം നല്കുന്നു. ബൈബിൾ സ്വന്തമായി പഠിക്കുന്നതിനും പ്രസംഗക്കുറിപ്പുകൾ തയ്യാറാക്കുന്നതിനും ഇവ രണ്ടും സഹായകമാണ്.

ഭാഷാപഠനത്തിനുള്ള താല്പര്യം കുട്ടിക്കാലം മുതൽക്കേ ഉണ്ടായിരുന്നു. വൈദ്യശാസ്ത്രവും വേദാന്തവും പഠിക്കുന്നതിനായിരുന്നു തമിഴ്, സംസ്കൃതം എന്നീ ഭാഷകൾ പഠിച്ചത്. ബി.എ.യ്ക്കു ഹിസ്റ്ററി(ചരിത്രം) ആയിരുന്നു ഐച്ഛിക വിഷയം. ആർനോൾഡു ടോയ്ൻബിയുടെ A study of history, An historians approach to religion തുടങ്ങിയ പുസ്തകങ്ങൾ വായിക്കുമ്പോൾ ഗ്രീക്കു, ലത്തീൻ തുടങ്ങിയ ഭാഷകളിൽ നിന്നു ധാരാളം ഉദ്ധരണികൾ അതാതു ഭാഷയിൽ ചേർത്തിട്ടുള്ളതായി കണ്ടു. അവ മനസ്സിലാക്കുന്നതിന് പ്രസ്തുത ഭാഷകൾ പഠിക്കേണ്ടിവന്നു. ഗ്രീക്ക് എബ്രായ ഭാഷകൾ ബൈബിൾ പഠനത്തിനും, എഴുത്തുകൾക്കും വളരെയധികം പ്രയോജനകരമായിരുന്നു. പാലിപഠിക്കുന്നതിനുള്ള ശ്രമം ചെയ്തു വന്നപ്പോഴാണ് ഭാഷാപഠനത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരുന്ന സമയത്തിന്റെ ആധിക്യം മനസ്സിലായതും അതിൽ നിന്നു പിന്തിരിഞ്ഞതും.

---

3-ാം പേജിന്റെ തുടർച്ച...

### 5. ഞാൻ നിന്നെ മറന്നുകളകയില്ല

“ഇതു ഓർത്തു കൊൾക; യിസ്രായേലേ നീ എന്റെ ദാസനല്ലോ, ഞാൻ നിന്നെ നിർമ്മിച്ചു; നീ എന്റെ ദാസൻ തന്നെ; യിസ്രായേലേ ഞാൻ നിന്നെ മറന്നുകളകയില്ല(യെശ- 44:21). അമ്മ മറന്നാലും മറക്കില്ല(യെശ-49:15) എന്നു വാഗ്ദാനം തന്നിരിക്കുന്ന ദൈവം ഇതും പറയുന്നു. ചെയ്യുന്ന ഉപകാരങ്ങളും, സ്നേഹങ്ങളുമെല്ലാം ഒരു നിമിഷം കൊണ്ട് മറന്നു പോകുന്ന യാതൊരു ജീവിത മൂല്യങ്ങളുമില്ലാത്ത ഒരു കാലഘട്ടത്തിൽ നാം ആയിരിക്കുന്നു. ഹൃദയത്തിൽ നിന്നു വരുന്ന സ്നേഹമോ, നന്ദിയോ ഒന്നുമില്ലാതെ വെറും ജഢീകമായി മാത്രം കാര്യങ്ങളെ വിധിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന സമൂഹമായി അധഃപതിച്ചുകൊണ്ടിരിക്കുന്നു. പൗലൊസ് പറയുന്നതുപോലെ “ ആത്മാവിൽ ആരംഭിച്ചിട്ട് ജഡത്തിൽ അവസാനിക്കുന്നു”. എന്നാൽ ഈ അവസ്ഥയിൽ നമുക്കുള്ള ഏക പ്രത്യാശയും, ആശ്വാസവും ഇതാണ്. “ഞാൻ നിന്നെ മറക്കുകയില്ല”.

### 6. ഇടിവുകളെ നന്നാക്കും

“യരുശലേമിൽ നിവാസികൾ ഉണ്ടാകും, യഹൂദാ നഗരങ്ങൾ പണിയപ്പെടും, ഞാൻ അവയുടെ ഇടിവുകളെ നന്നാക്കും എന്നു കല്പിക്കുന്നു” (യെശ-44:26).

തകർച്ചകളേയും, ഇടിവുകളേയും പണിയുന്നവനാണ് നമ്മുടെ ദൈവം. കോരശ് രാജാവിനാൽ (പാർസി രാജാവ്) കല്പന വരികയും പ്രവാസികളായിരുന്ന യിസ്രായേൽ ജനം തിരികെ യരുശലേമിലേക്ക് വന്നു ദേവാലയം പണിയുന്ന ജോലിയിൽ ഏർപ്പെടുകയും ചെയ്തു. ഈ സംഭവത്തെയാണ് ഒരു പ്രവചനമായി യെശയ്യാവ് ഇവിടെ പറയുന്നത്. എന്നാൽ ബൈബിൾ അന്നത്തേക്കുമാത്രമുള്ളതല്ലല്ലോ. ഇതിലെ വചനങ്ങൾക്കു എന്നുമെന്നും ജീവനും ആത്മാവുമുണ്ടെന്ന് നമുക്കു അറിയാം. യെശയ്യാവിന്റെ പ്രവചനം അന്ന് നിറവേറിയതുപോലെ (2 ദിന-36:22,23, എസ്രാ-1: 1-4) ഇന്നും ഈ വചനത്തെ ദൈവം നിവർത്തിക്കുമെന്നു നമുക്കു വിശ്വസിക്കാം. തകർന്ന അവസ്ഥകളെ അവിടുന്ന് പണിയും. ഇടിഞ്ഞുപോയതു നമ്മെക്കൊണ്ടു ദൈവം പണിയിപ്പിക്കും.

### 7. കോരെശിനെ ഉപയോഗിക്കും

“കോരെശ് എന്റെ ഇടയൻ, അവൻ എന്റെ ഹിതമൊക്കെയും നിവർത്തിക്കും എന്നും യരുശലേം പണിയപ്പെടും, മന്ദിരത്തിനു അടിസ്ഥാനം ഇടും എന്നും ഞാൻ കല്പിക്കുന്നു (യെശ-44:28).

പാർസി രാജാവായ കോരെശിനെ (സൈറസ്) ദൈവം ഉപയോഗിക്കുകയാണ്; യരുശലേം പണിയാൻ. അന്യജാതിക്കാരനായ, യിസ്രായേല്യനല്ലാത്തവനായ സൈറസിനെ ദൈവം, തന്റെ ജനത്തിനായി, തന്റെ ഹിതം നിറവേറ്റാനായി അഭിഷേകം ചെയ്തതു പോലെ ദൈവം ഏതു ജാതിക്കാരനേയും തന്റെ ഹിതം നിറവേറ്റാൻ ഉപയോഗിക്കും. സ്വന്തക്കാരോ, കൂട്ടായ്മക്കാരോ, കൂടെയുള്ളവരോ ആയിരിക്കില്ല. ദൈവം തന്റെ ഹിതം ചെയ്യാൻ നാം ഒരിക്കലും പ്രതീക്ഷിക്കാത്തവരെ ഉപയോഗിക്കും. അന്യജാതിക്കാരിൽ നിന്നും സഹായം കൊണ്ടുവരും. പത്തു കുഷ്ഠരോഗികൾ സൗഖ്യം പ്രാപിച്ചപ്പോൾ അന്യജാതിക്കാരനാണ് വന്നു കർത്താവിന് നന്ദി പറഞ്ഞത്. വഴിയരികിൽ അർദ്ധപ്രാണനായി കിടക്കുന്നവനെ രക്ഷിക്കാൻ വന്നതും ഒരു നല്ല “ശമര്യക്കാര”നാണ് - അന്യജാതിക്കാരൻ. അതാണല്ലോ കർത്താവിന്റെ സുവിശേഷം. കൊർന്നല്യസിന്റെ ഭവനത്തിൽ സുവിശേഷവുമായി കടന്നുചെല്ലാൻ പത്രൊസിന് നൽകിയ ദർശനവും അതുതന്നെയായിരുന്നു. സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങുന്ന “നാലുകോണും കെട്ടിയ തുപ്പട്ടിപോലുള്ള പാത്രം” ഇതു തന്നെയാണ് - അന്യജാതിക്കാരൻ (അപ്പൊ - 10:11,12). ദൈവം ഇങ്ങനെയുള്ളവരെ തന്റെ ഹിതം നിറവേറ്റാനായി ഉപയോഗിക്കും.

ഈ വാഗ്ദത്തങ്ങളെല്ലാം നിങ്ങളുടെ ഏവരുടേയും ജീവിതത്തിൽ നിറവേറട്ടെ. വാഗ്ദത്തങ്ങളിൽ വിശ്വസ്തനായ ദൈവം കൂടെയിരുന്നു നടത്തട്ടെ.

**വാഗ്ദത്തം നമ്മുടെ നിക്ഷേപമേ**
**വാക്കുപറഞ്ഞവൻ മാറുകില്ല**
**വാനവും ഭൂമിയും മാറീടുമേ**
**വചനങ്ങൾക്കോ ഒരു മാറ്റമില്ല.**



# ബൈബിൾ പഠനക്വിസ് 76

*ഡോ. റ്റി.സി. കിഷോർ മോഹൻ*

**ബാ**ബിലോണിയൻ പ്രവാസത്തിനുശേഷം വാഗ്ദത്തനാടായ യെരുശലേമിലേക്കുള്ള മൂന്നാം തിരിച്ചു വരവിന്റെ ചരിത്രം വിശദമായി രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകമാണ് നെഹെമ്യാവ്. പൊളിഞ്ഞു കിടന്ന യെരുശലേം മതിലുകൾ എങ്ങനെ പുനർ നിർമ്മിക്കപ്പെട്ടുവെന്നും ദൈവജനം വിശ്വാസത്തിൽ എങ്ങനെ ബലപ്പെട്ടുവെന്നും ഇവിടെ പ്രതിപാദിച്ചിരിക്കുന്നു. പ്രവാസികളുടെ മൂന്നാമത്തെ സംഘത്തെ നയിച്ചിരുന്ന നെഹെമ്യാവാണ് ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത് എന്നും കരുതപ്പെടുന്നു. പഴയ നിയമത്തിലെ അവസാനത്തെ ചരിത്ര പുസ്തകമാണ് നെഹെമ്യാവ്. യെരുശലേം മതിലുകൾ വീണ്ടും പണിയപ്പെടുമെന്നുള്ള സെഖര്യാവിന്റെയും ദാനീയേലിന്റെയും പ്രവചനങ്ങളുടെ പൂർത്തീകരണമാണ് ഈ പുസ്തകത്തിൽ ദർശിക്കുവാൻ സാധിക്കുന്നത്. ബി.സി. 537-ൽ സെരുബ്ബാബേലിന്റെ നേതൃത്വത്തിൽ പ്രവാസികളുടെ ഒന്നാമത്തെ സംഘവും, ബി.സി. 458-ൽ പുരോഹിതനായ എസ്രായുടെ നേതൃത്വത്തിൽ രണ്ടാമത്തെ സംഘവും യെരുശലേമിൽ തിരിച്ചെത്തിയതിനെ തുടർന്നുള്ള സംഭവ വികാസങ്ങൾ വളരെ വിശദമായി തന്നെ കഴിഞ്ഞ ലക്കങ്ങളിൽ പ്രതിപാദിച്ചിരുന്നത് വായനക്കാർ ഓർക്കുമല്ലോ.

പേർഷ്യൻ രാജാവായ അർത്ഥഹ്ശഷ്ടാവിന്റെ പാനപാത്ര വാഹകനായിരുന്നു നെഹെമ്യാവ്. യെരുശലേമിനെ കുറിച്ചും അവിടെ കഷ്ടതയിലും ഭാരത്തിലും കഴിയുന്ന തന്റെ സ്വന്തം ജനതയെക്കുറിച്ചുള്ള ഭാരം ധീരമായ ചില കർമ്മ പദ്ധതികൾക്ക് തുടക്കം കുറിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. അർത്ഥഹ്ശഷ്ടാവ് രാജാവിന്റെ അനുമതിപ്പത്രം വാങ്ങി ഏതാനും കുതിരച്ചേവകരേയും പടനായകന്മാരെയും കൂട്ടി അദ്ദേഹം യെരുശലേമിലെത്തി. അസംഘടിതരായ യെരുശലേം നിവാസികളോട് എഴുന്നേറ്റ് യെരുശലേമിന്റെ മതിലുകളെ പണിയുവാൻ ആഹ്വാനം ചെയ്തു. കോട്ട മതിലുകൾ ഇല്ലാത്ത ഏതൊരു പട്ടണത്തിന്റെയും അവസ്ഥ യായിരുന്നു യെരുശലേമിനും ഉണ്ടായിരുന്നത്. സുരക്ഷിതത്വ ഭീഷണി നിലനിന്നിരുന്നതിനാൽ യെഹൂദാ ജനതയുടെ ഭൂരിഭാഗവും പട്ടണത്തിനു വെളിയിലുള്ള ഗ്രാമങ്ങളിലാണ് പാർത്തിരുന്നത് വിജാതീയരുമായുള്ള ഇടപഴകൽ അവരുടെ ഭാഷയ്ക്കും സംസ്ക്കാരത്തിനും എന്തിനേറെ ദൈവ വിശ്വാസത്തിനുപോലും കളങ്കമേല്പിച്ചിരുന്നു. നെഹെമ്യാവിന്റെ അവസരോചിതമായ ഇടപെടൽ ദൈവജനതക്കു എത്രത്തോളം കരുത്തു പകർന്നുവെന്നത് ഊഹിക്കാവുന്നതേയുള്ളു. തദ്ദേശവാസികളുടെ ശക്തമായ എതിർപ്പിനെ അതിജീവിച്ചു കൊണ്ട് വെറും 52 ദിവസം കൊണ്ട് പ്രസ്തുത മതിൽ പണിതീർക്കുമ്പോൾ അവർക്ക് ഒരു കാര്യം ബോദ്ധ്യമായി. “മനുഷ്യനാൽ അസാദ്ധ്യം എന്നാൽ ദൈവത്താൽ എല്ലാം സാദ്ധ്യം”.

നെഹെമ്യാവിന്റെ ആഴമായ ദൈവാശ്രയവും, സംഘടനാ സാമർത്ഥ്യവും നേതൃത്വ പാടവവും അവഗണിക്കപ്പെട്ടിരുന്ന ഒരു ജനതയുടെ ഉദ്ധാരണത്തിനു വഴി തെളിച്ചു എന്നു പറയുന്നതിൽ തെറ്റില്ല. കഷ്ടതയിലും ദുഃഖത്തിലും നിരാശയിലും കഴിഞ്ഞിരുന്ന ഒരു ജനതയുടെ ഉന്നമനത്തിനുവേണ്ടി പേർഷ്യൻ രാജാവായഅർത്ഥഹ്ശഷ്ടാവിന്റെ പാനപാത്ര വാഹകനും ഉപദേഷ്ടാവും എന്ന ഉന്നത പദവി ഉപേക്ഷിച്ചു ഇറങ്ങിതിരിച്ച നെഹെമ്യാവ് കർത്താവായ യേശു ക്രിസ്തുവിന്റെ ഒരു പ്രതിരൂപമായാണ് ഈ പുസ്തകത്തിൽ നിലകൊള്ളുന്നത്.

നെഹെമ്യാവിന്റെ പുസ്തകം 1 മുതൽ 13 വരെ അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങളെ ആസ്പദമാക്കിയാണ് ഈ ലക്കത്തിലെ ക്വിസ് തയ്യാറാക്കിയിരിക്കുന്നത്. ഓരോ വാക്യവും ശ്രദ്ധാപൂർവ്വം വായിച്ച് താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം കണ്ടുപിടിച്ചെഴുതുക.

## ഉത്തരങ്ങൾ

1. പാർസി (പേർഷ്യൻ) (എസ്രാ. 1:1)
2. നെബൂഖദ്നേസർ രാജാവ് (1:7)
3. മിത്രെദാത്ത് (1:8)
4. ശേശ്ബസ്സർ (1:8)
5. അയ്യായിരത്തി നാനൂറ് (1:11)
6. യോശുവയുടെ (3:2)
7. ശെയൽതീയേൽ (3:8)
8. പാർസി രാജാവായ അർത്ഥഹ്ശഷ്ടാവിന് (4:8)
9. മേദ്യ സംസ്ഥാനത്തിലെ അഹ്മെഥാ രാജധാനിയിൽ നിന്നും (6:2)
10. ദാര്യാവേശ് (6:12)
11. എസ്രാ (7:11)
12. അർത്ഥഹ്ശഷ്ടാവ് (7:1)
13. അഹവാ ആറ്റരികത്ത് (8:21)

## ചോദ്യങ്ങൾ

1. നെഹെമ്യാവിന്റെ പിതാവാര്?
2. നെഹെമ്യാവ് ഏത് രാജാവിന്റെ പാനപാത്ര വാഹകനായിരുന്നു?
3. യെരുശലേം മതിൽ പണിയുന്നതിനെ ശക്തമായി എതിർത്ത രണ്ടു പ്രധാന വ്യക്തികൾ?
4. യെരുശലേം മതിലിന്റെ ആട്ടിൻ വാതിൽ നിർമ്മിച്ചതാര്?
5. മതിലിന്റെ മീൻ വാതിൽ പണിതവർ?
6. “അവർ എങ്ങനെ പണിതാലും ഒരു കുറുക്കൻ കയറിയാൽ അവരുടെ കന്മതിൽ ഉരുണ്ടു” വീഴും എന്നു പറഞ്ഞ് യെഹുദാ ജനത്തെ പരിഹസിച്ചവൻ?
7. വെന്തുകിടക്കുന്ന ചണ്ടി കൂമ്പാരങ്ങളിൽ നിന്നും അവർ കല്ലു ജീവിപ്പിക്കുമോ എന്നു പറഞ്ഞതാര്?
8. കൈക്കൂലി വാങ്ങി നെഹെമ്യാവിനെതിനെതിരെ കള്ള പ്രവചനം നടത്തിയവൻ?
9. യെരുശലേം മതിൽ പുതുക്കിപ്പണിയാൻ എടുത്ത കാലയളവ്?
10. യെഹുദാ ജനവുമായി വളരെ അടുത്ത ബന്ധമുള്ള ഒരു വ്യക്തി നെഹെമ്യാവിന് നിരന്തരം ഭീഷണിക്കത്ത് അയയ്ക്കുമായിരുന്നു. ആരാണയാൾ?
11. മതിൽ പണി പൂർത്തീകരിച്ചതിനുശേഷം നെഹെമ്യാവ് തന്റെ രണ്ടു വിശ്വസ്തരെ യെരുശലേമിന് അധിപതികളായി നിയമിച്ചു. ആരാണവർ?
12. ആസാഫിന്റെ മകന്റെ പേരെന്ത്?
13. പ്രാർത്ഥനയിൽ സ്തോത്രം ആരംഭിക്കുന്ന തലവൻ?

## ശരിയുത്തരം അയച്ചവർ

1. ആലീസ് ജോർജ്, ഗ്രെയ്സ് ഭവൻ, കിടപ്പനക്കന്ന്, തിരുവനന്തപുരം
2. മിനി സാബു, കൊട്ടശ്ശേരിയിൽ, മീനങ്ങാടി, വയനാട്
3. ഗ്രെയ്സ് സുമംഗല, വൈ.എം.സി.എ. റോഡ്, കോഴിക്കോട്
4. തോമസ് ജോൺ, തേവലക്കര, കൊല്ലം
5. റ്റോബി ജോൺ, ചങ്ങനാശ്ശേരി
6. ദീപക് പുന്നൂസ്, കുറിച്ചി, കോട്ടയം
7. ഷൈലജ, ചീരംചിറ, തിരുവല്ല.
8. ജസ്റ്റിൻ പോൾ, സുൽത്താൻ ബത്തേരി, വയനാട്
9. ബിജി തോമസ്, പൂയപ്പള്ളി, കൊട്ടാരക്കര
10. ഏലിയാമ്മ പൗലോസ്, ബാംഗ്ലൂർ

# ചരിത്രം കുറിക്കപ്പെട്ട് ന്യൂ ഫറക്ക ഗ്രേയ്സ് ഫെസ്റ്റ്

*1-ാം പേജിന്റെ തുടർച്ച...*

ക്കുവാൻ ഇടയാക്കി. ദൈവീക ശുശ്രൂഷയ്ക്കായി പലരും തങ്ങളെത്തന്നെ സമർപ്പിക്കുകയുമുണ്ടായി. 17-ാം തീയതി തദ്ദേശ ആചാര പ്രാകാരം വിശിഷ്ടാതിഥികളെ പ്രധാന റോഡിൽ നിന്നുതന്നെ സ്വീകരിച്ച് വേദിയിലേക്കാനയിച്ച് ഉപവിഷ്ടരാക്കി അവരുടെ കാൽ കഴുകി പൂമാല അണിയിച്ചശേഷം മാത്രമാണ് യോഗം ആരംഭിച്ചത്. മെഥഡിസ്റ്റ് ചർച്ചിന്റെ ഡിസ്ട്രിക്ട് സൂപ്രണ്ടായ, ബിഷപ്പ് റവ.മോസ്സസ്സ് പ്രസാദ് ഉദ്ഘാടനം ചെയ്ത ഈ യോഗങ്ങളിൽ സഹോ. ഡി.ജെ. അജിത് കുമാർ നൽകിയ സന്ദേശം പാകൂർ ജനതയ്ക്ക് വളരെ ഉണർവിന്റെ അനുഭവമായി തീർന്നു.




*ന്യൂ ഫറക്ക ഗ്രെയ്സ് ഫെസ്റ്റിൽ തങ്ങളെ തന്നെ ദൈവസന്നിധിയിൽ സമർപ്പിച്ചുകൊണ്ട് പ്രാർത്ഥനയ്ക്കായി വന്നവർ*



**ഇവർ അത്ഭുത സാക്ഷികൾ:** *പാക്കൂർ ഗ്രെയ്സ് ഫെസ്റ്റിൽ സൗഖ്യം പ്രാപിച്ചവർ സാക്ഷ്യം പ്രസ്താവിക്കുന്നു*

പശ്ചിമ ബംഗാളിലെ മുർഷിദാബാദ് ജില്ലയിലെ ന്യൂഫറക്കയുടെ ചരിത്രത്തിൽ സ്ഥാനം പിടിച്ചുകൊണ്ട് ആദ്യമായി ഒരു സുവിശേഷ യോഗം പൊതുവേദിയിൽ നടത്തപ്പെട്ടു. ബംഗ്ലാദേശ് രാജ്യാതിർത്തിയോടു ചേർന്ന്, ഗംഗാ നദിയ്ക്കടുത്തായി സ്ഥിതി ചെയ്യുന്ന ന്യൂ ഫറക്കയിലെ ജനത്തിന് വെളിച്ചത്തിന്റെ നാഥനായ ക്രിസ്തുവിന്റെ മാധുര്യ സ്വരം ശ്രവിക്കുവാൻ അവസരം നൽകികൊണ്ട് ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യയുടെ നേതൃത്വത്തിൽ 'ലൗ ഇന്ത്യ 2010' പ്രോഗ്രമിന്റെ ഭാഗമായ ഗ്രെയ്സ് ഫെസ്റ്റ് നടത്തപ്പെട്ടു. NTPC-യുടെ ഒരു വലിയ വൈദ്യുതോത്പാദന കേന്ദ്രവും, അംബുജ സിമന്റ് ഫാക്ടറിയും, ജലവിതരണ പദ്ധതിയുമൊക്കെ സ്ഥിതിചെയ്യുന്ന വളരെ ചരിത്ര പ്രാധാന്യമുള്ള ഈ സ്ഥലത്ത് ഒരു ക്രിസ്തീയ സഭാമന്ദിരങ്ങളോ പറയത്തക്ക ക്രിസ്തീയ മിഷണറിമാരോ ഇല്ല. വെറും 29 ക്രൈസ്തവ കുടുംബങ്ങൾ മാത്രമാണ് ഈ പട്ടണത്തിലുള്ളത്.

ക്രിസ്മസ്സിനോടടുത്ത നാളുകളായ 2010 ഡിസംബർ 13,14,15 തീയതികളിൽ ന്യൂ ഫറക്ക ബാരേജ് ഗ്രൗണ്ടിൽ, ബേത്‌ലഹേമിലെ കാലിതൊഴുത്തിൽ ഏറ്റവും എളിയവനായി ഭുജാതനായ അത്യൂന്നത ദൈവത്തിന്റെ പുത്രനായ ക്രിസ്തുവിന്റെ അതിരുകളില്ലാത്ത സ്നേഹത്തിന്റെയും ആത്മരക്ഷയുടെയും സന്ദേശം സഹോ. ഡി.ജെ. അജിത്കുമാർ നൽകിയപ്പോൾ, അനേകർക്ക് രോഗസൗഖ്യവും ആത്മരക്ഷയും പ്രധാനം ചെയ്യുവാൻ അത് വഴിയൊരുക്കി. തങ്ങൾക്കുണ്ടായ അത്ഭുതരോഗസൗഖ്യത്തെപ്പറ്റി അനേകർ സാക്ഷ്യം പ്രസ്താവിച്ചത് ക്രിസ്തുയേശുവിലുള്ള ആഴമേറിയ വിശ്വാസവും വലിയ ഒരു ഉർണവും ഈ ദേശത്തിന് സമ്മാനിച്ചു.

വിശുദ്ധ വേദപുസ്തകത്തിന്റെ പുതിയ നിയമം വിതരണം ചെയ്ത് അതിലെ വചനങ്ങളെ ഒരുമിച്ച് വായിപ്പിച്ച സമയം പുതിയ നിയമ പുസ്തകം കൈവശമാക്കുവാനായി തിരക്കു കൂട്ടിക്കൊണ്ട് ആവേശപൂർവ്വം ജനങ്ങൾ കടന്നുവന്നത് വിശേഷമായ ഒരു കാഴ്ചയായിരുന്നു. ഇരുളിലും അന്ധവിശ്വാസത്തിലും അജ്ഞതയിലും ജീവിക്കുന്ന ഈ ജനതയുടെ ഇടയിലേക്ക് വെളിച്ചത്തിന്റെ നാഥനായ ക്രിസ്തുവിന്റെ സഭ എത്രയും വേഗം പണിയപ്പെടുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം.

പശ്ചിമ ബംഗാളിലെയും ജാർഘണ്ടിലെയും ഈ യോഗങ്ങൾ ക്രമീകരിക്കുവാൻ നേതൃത്വം നൽകിയത് പശ്ചിമ ബംഗാൾ, ബംഗ്ലാദേശ്, നേപ്പാൾ, ഭൂട്ടാൻ, സിക്കിം എന്നീ പ്രദേശങ്ങളിലെ ജി.എം.ഐയുടെ റീജിയണൽ കോ-ഓർഡിനേറ്ററായിരിക്കുന്ന മിഷണറി സഹോദരൻ ജി.ആൽബർട്ട് ആയിരുന്നു. ഇത്തരത്തിലുള്ള അനുഗ്രഹീത പ്രവർത്തനങ്ങൾക്കായി അദ്ധ്വാനിച്ച പ്രിയ സഹോദരനെ കുടുംബമായി കർത്താവ് അവിടുത്തെ ഉള്ളം കരത്തിൽ വഹിക്കുവാനായും, ഈ പ്രദേശങ്ങളിലുള്ള മറ്റെല്ലാ മിഷണറി സഹോദരങ്ങളോടുമൊപ്പം കർത്താവിന്റെ ബലമുള്ള കരം ശക്തമായി വ്യാപരിച്ച് അവിടുത്തെ മഹത്വം കൊണ്ട് ഈ ദേശം നിറയുവാനായും പ്രാർത്ഥിക്കാം.



**വിടുതലിൻ സാക്ഷ്യങ്ങൾ:** *ന്യൂ ഫറക്ക ഗ്രെയ്സ് ഫെസ്റ്റിൽ വിടുതൽ പ്രാപിച്ചവർ സാക്ഷ്യം പ്രസ്താവിക്കുന്നു*

# നേപ്പാൾ സാൽബാസ് ഗ്രെയ്സ്ഹോമിലെ കുരുന്നുകളോടൊപ്പം ഒരു ക്രിസ്തുമസ്

*എൽ. ദേവപ്രസാദ്*

ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യയുടെ നേതൃത്വത്തിൽ നേപ്പാളിൽ അനുഗ്രഹകരമായ പ്രവർത്തനങ്ങൾ മുന്നേറി വരുന്നു. TIMES-ന്റെ പ്രവർത്തനത്തിന്റെ ഭാഗമായി നേപ്പാളിൽ എത്തിയ ഞങ്ങൾക്ക് ഈ ക്രിസ്തുമസ്, അനാഥത്വത്തിന്റെ തീരത്തു നിന്നും ജി.എം.ഐ മിഷണറിമാരിലൂടെ പകരപ്പെട്ട ക്രിസ്തുവിന്റെ സ്നേഹം മുഖാന്തരം സനാഥരായി തീർന്ന ഓരോ പച്ചക്കറിത്തോട്ടവും കാണുവാൻ കഴിഞ്ഞു.

ഈ ഗ്രാമം കേന്ദ്രീകരിച്ച് അഞ്ചിലധികം ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന ജി.എം.ഐ മിഷണറി സഹോ. ദാൽ ബഹാദൂർ ഗുരുംഗും പത്നിയും ഈ പ്രദേശത്തിന് ലൗകിക മനോഹാരിതകൾക്കപ്പുറമായ സനാതന വെളിച്ചത്തിന്റെ നന്മ പകർന്നു നൽകുന്നു. ഈ സഹോദരനാണ് ഗ്രെയ്സ് ഹോമിന്റെ പ്രവർത്തനങ്ങൾക്കും അൽപം സ്നേഹം പകർന്നു കൊടുക്കുവാൻ ജി.എം.ഐയുടെ മിഷണറിമാരിലൂടെ സാധ്യമായതോർത്ത് നിറഞ്ഞ ഹൃദയത്തോടെ ദൈവത്തിന് നന്ദി അർപ്പിച്ചു.

അറുപതിലേറെ വയസ്സുള്ള സഹോ. ദാൽ ബഹദൂർ ഗുരുംഗിന്റെ അഞ്ചു മക്കളും കുടുംബസ്ഥരാണ്. അതിലൊരാളായ സഹോ. കർണ ബഹാദൂർ ഗുരുംഗ് ജി.എം.ഐ മിഷണറിയായി നർസായിൽ പ്രവർത്തിക്കുന്നു. കാഠ്മ ഞങ്ങൾക്ക് ഏറ്റവും ആസ്വാദ്യമായിരുന്നു.

എല്ലാ ദിവസവും വൈകുന്നേരം 6.30 മുതൽ 11 മണിവരെയും, വെളുപ്പിന് 5.30 മുതൽ 9 വരെയും നീളുന്ന 8 മണിക്കൂർ പവർകട്ടിന് ഇടയ്ക്ക് ജനറേറ്ററിന്റെ സഹായത്തോടെ നന്നായി ക്രമീകരിച്ചിരുന്ന രണ്ടു ഫർലോങ്ങ് അകലെയുള്ള ചർച്ച് ഹാളിൽ വച്ച് ക്രിസ്തുമസ് ആരാധന നടത്തപ്പെട്ടു. 2009 ഡിസംബർ 25-ാം





**സന്തോഷത്തിന്റെ നിമിഷങ്ങൾ:** 1. ഗ്രെയ്സ് ഹോമിലെ കുഞ്ഞുങ്ങൾക്കൊപ്പം സഹോ. ജി. ആൽബർട്ടും 2. റവ. ജോൺ അലക്സും മിഷണറി സഹോ. ദാൽ ബഹദൂർ ഗുരുംഗും.

നേപ്പാൾ നവൽപരാസി ജില്ലയിലെ സാൽബാസിൽ സ്ഥിതി ചെയ്യുന്ന ജി.എം.ഐയുടെ ഗ്രെയ്സ് ഹോമിലെ കുഞ്ഞുങ്ങളോടൊപ്പം കഴിച്ചുകൂട്ടുവാൻ സാധിച്ചു. കേരളത്തിൽ നിന്നും എത്തിച്ചേർന്ന ഞാനും സഹധർമിണിയും, റവ. ജോൺ അലക്സും, ജി.എം.ഐ റീജിയണൽ കോ-ഓർഡിനേറ്റർ സഹോദരൻ ജി. ആൽബർട്ടിന്റെ കുടുംബവും ചേർന്ന് ഏഴു പേരായി ഞങ്ങൾ സാൽബാസ് ഗ്രാമത്തിൽ എത്തിചേർന്നു. ദൃശ്യ മനോഹരമായ വയലേലകൾ, വിഹായസിൽ ഗാന കോലാഹലങ്ങളോടെ വിരാജിക്കുന്ന വിവിധ തരം പക്ഷികൾ - ഇവയുടെ നടുവിലുള്ള ഈ ഗ്രാമത്തിലെ ഭവനങ്ങൾ ചെളിയും കീറിയ മുളയും ചേർത്ത് നിർമ്മിച്ച് മേൽക്കൂര ഓട് മേഞ്ഞിരിക്കുന്നു. ചെളിയും ചാണകവും വൈക്കോലും ചേർത്ത മിശ്രിതം കൊണ്ട് നിർമ്മിച്ചിരിക്കുന്ന തറ ഒരു കാർപ്പെറ്റിൽ ചവിട്ടുന്ന പ്രതീതി ഉളവാക്കുന്നു. ഇവിടെയുള്ള എല്ലാ വീടുകളിലും കീടനാശിനികൾ ഉപയോഗിക്കാതെ തന്നെ കീടബാധ ഏൽക്കാതെ ഫലം നൽകുന്ന നേതൃത്വം നൽകുന്നത്. ഗ്രെയ്സ് ഹോമിലേക്ക് ഞങ്ങൾ സമീപിച്ചപ്പോൾ തന്നെ അവിടുത്തെ പിഞ്ചു കുഞ്ഞുങ്ങൾ ഓടിയടുത്ത് സ്വന്തം പിതാവിന്റെ അടുക്കൽ വന്ന് സ്നേഹപ്രകടനം നടത്തുന്നതു പോലെ സഹോ. ആൽബർട്ടിന്റെ കരങ്ങളിൽ തൂങ്ങി അണഞ്ഞത് ഞങ്ങളുടെ കണ്ണുകളെ ഈറനണിയിച്ചു. മാതാപിതാക്കളുടെ സ്നേഹം ലഭിക്കാത്ത കുരുന്നു പൈതങ്ങൾക്ക് ണ്ഡുവിൽ ഉദ്യോഗസ്ഥനായ മറ്റൊരു മകനും കുടുംബവും മാതാപിതാക്കളോടൊപ്പവും ക്രിസ്തുമസ് നാളുകൾ ചെലവഴിക്കുവാനായു എത്തിച്ചേർന്നിരുന്നു. അന്ന് ഞങ്ങൾ എല്ലാവരും ഗ്രെയ്സ് ഹോമിലെ കുഞ്ഞുങ്ങളും ചേർന്ന് രുചികരമായ ഭക്ഷണം ആസ്വദിച്ചു. പവർകട്ട് ആയിരുന്നതിനാൽ മെഴുകുതിരിയുടെ അരണ്ട വെളിച്ചത്തിലായിരുന്നു എങ്കിലും ഈ മക്കളോടു ചേർന്നുള്ള ഭക്ഷണം



*നേപ്പാളിലെ മലയോര കാഴ്ചകൾ*

തീയതി ഉദ്ഘാടനം ചെയ്ത ചർച്ച് ഹാളിൽ ഒരു വർഷം കൊണ്ട് ജനം തിങ്ങി നിറഞ്ഞിരിക്കുന്നു. 2010 ഡിസംബർ 24-ാം തീയതി നടന്ന ഈ യോഗത്തിൽ ഹാളിന്റെ സ്ഥലം മതിയാകാതെ വന്നിരിക്കുന്നു. ആരാധനയുടെ പ്രധാന ഭാഗമായ ഗാനാലാപന വേളയിൽ കുഞ്ഞുങ്ങൾ മുന്നിൽ വന്ന് നൃത്തം ചെയ്യുന്നത് ഇവിടുത്തെ പ്രത്യേകതയാണ്. ഉപകരണങ്ങൾ എല്ലാം ഉപയോഗിച്ച് ശ്രുതി മധുരമായ ഗാനങ്ങൾ അവർ പാടി. സഹോ. ആൽബർട്ട് ക്രിസ്തുമസ് സന്ദേശം നൽകി. തുടർന്ന് ഞങ്ങളെല്ലാവരും ചേർന്ന് അവർക്കായി ക്രിസ്തുമസ് കരോൾ ഗാനവും ആലപിച്ചു. വളരെ വൈകുന്നതു വരെ ഞങ്ങൾ അവിടെ കൂട്ടായ്മ ആചരിച്ച് ദൈവത്തെ സ്തുതിച്ചു.

ഡിസംബർ 25-ാം തീയതി ബുമായി ഗ്രാമത്തിലെ ജി.എം.ഐ മിഷണറി സഹോ. രാജേന്ദ്ര ബിശ്വകർമ്മയുടെ സഭാ മന്ദിരത്തിൽ ഞങ്ങൾ ക്രിസ്തുമസ് ആരാധനയിൽ പങ്കെടുത്തു. തന്റെ മക്കളും ഈ കൂട്ടായ്മയിൽ

*(തുടർച്ച 12-ാം പേജിൽ....)*



# അധികാരം ദൗത്യ നിർവഹണത്തിന്

*രാജൻ ജെ. ആഷെർ*

> **അധികാരം എന്നു മൊഴിമാറ്റിയിരിക്കുന്ന Exousia എന്ന യവന പദത്തിന്റെ മൂലാർത്ഥത്തിൽ' തടസത്തിന്റെ സാന്നിദ്ധ്യം പോലും അംഗീകരിക്കാത്ത" എന്ന ആശയമാണുള്ളത്. അധികാരത്തിന്റെ പാരമ്യമാണത്. ആ അധികാരമാണു വിശ്വാസിക്കുള്ളത്. രാജാധിരാജാവിന്റെ അധിവാസം ആയ വിശ്വാസിയുടെ കർത്തവ്യ നിർവ്വഹണത്തിനു തടസമാവാൻ ഒരു ശക്തിയ്ക്കും കഴിയുകയില്ല.**

അധികാരം ആഗ്രഹിക്കാത്ത മനുഷ്യനില്ല. അധികാരം ഉപയോഗിക്കാത്തവരും ഇല്ല; ഏറ്റക്കുറച്ചിലുകളേയുള്ളു. സെക്കുലർ ലോകത്തിലും ആത്മീയ ലോകത്തിലും അധികാരമുണ്ട്. കുടുംബങ്ങളിലും, സമൂഹങ്ങളിലും, ജനതകളിലും രാഷ്ട്രങ്ങളിലും അധികാര വിനിയോഗമുണ്ട്. അധികാരത്തിനു പുതിയ നിയമത്തിൽ പരക്കെ ഉപയോഗിച്ചിരിക്കുന്ന Exousia എന്ന പദത്തിന്റെ അടിസ്ഥാന അർത്ഥം 'ഇഷ്ടമുള്ളതു ചെയ്യാനുള്ള സ്വാതന്ത്ര്യം അഥവാ അവകാശം' എന്നാണ്.

ഈ സ്വാതന്ത്ര്യവും അവകാശവും ഉപയോഗിക്കാൻ ഇഷ്ടം മാത്രം പോര; അതിനു ശക്തിയും വേണം. അതുകൊണ്ടു തന്നെ അധികാരവും ശക്തിയും ഒന്നിച്ചു പോകുന്ന ആശയങ്ങളാണെന്നു വരുന്നു. ധാരാളം കായബലമോ മനോബലമോ ഇഛാശക്തിയോ ഉള്ളതുകൊണ്ടു മാത്രം കാര്യമില്ല; അതിനോടുകൂടെ അധികാരവും വേണം.

അതുപോലെ തന്നെ, എല്ലാം ചെയ്യാൻ സ്വാതന്ത്ര്യം ഉണ്ടെന്നു പറഞ്ഞാലും ശക്തിയില്ലെങ്കിൽ ആ സ്വാതന്ത്ര്യം അഫലമാണ്. അധികാരവും ശക്തിയും ഒന്നിച്ചു പോകേണ്ടവയാണ്. എങ്കിൽ മാത്രമേ പ്രയോജനമുള്ളു.

## യേശുവിന്റെ അധികാരം

യേശു പറഞ്ഞു: സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള എല്ലാ (സകല) അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. അവതരണ ദൗത്യം പൂർത്തിയാക്കി മടങ്ങുമ്പോഴാണ് യേശു ഇതു ശിഷ്യന്മാരോടു പറഞ്ഞത്. അവരെ ശ്രേഷ്ഠനിയോഗം ഏല്പിക്കുന്നതാണു സന്ദർഭം. പൂർത്തിയാക്കപ്പെട്ട വീണ്ടെടുപ്പു വൃത്താന്തം ലോകമെമ്പാടുമുള്ള ജനതകളെ അറിയിക്കാനും വിശ്വസിക്കുന്നവരെ ശിഷ്യരാക്കി അവിടുന്നു കല്പിച്ചത് ഒക്കെയും പ്രമാണിക്കാൻ തക്കവിധം പഠിപ്പിക്കാനുമാണു നിയോഗം.

ഈ നിയോഗം നല്കുന്നത് എല്ലാ അധികാരവും ഉള്ള കർത്താവാണ്. യേശു പറയുന്നത് "ആകയാൽ നിങ്ങൾ" പുറപ്പെടണം എന്നാണ്. സകല അധികാരവും എനിക്കുള്ളതുകൊണ്ടു നിങ്ങൾ പുറപ്പെടുവിൻ, സകല അധികാരവും ഉള്ള ഞാൻ യുഗാന്ത്യത്തോളം സദാ നിങ്ങളോടു കൂടെ ഇരിക്കും(മത്താ. 28:18-20).

അലൗകികവും ശാശ്വതവുമായ ആശ്വാസത്തിലേക്കു മനുഷ്യരെ ക്ഷണിക്കുമ്പോഴും യേശു ഇതു പറഞ്ഞു: "എന്റെ പിതാവ് സകലവും എന്നെ ഭരമേൽപ്പിച്ചിരിക്കുന്നു"(മത്താ. 11 :27). പാപകുറ്റത്തിന്റെ ഭാരവും പേറി അടിമ നുകത്തിന്റെ ബന്ധനത്തിൽ നിന്നു വിടുതലിനായി അദ്ധ്വാനിക്കുന്നവരെ ക്ഷണിക്കുന്നത് അവിടുത്തെ ശിഷ്യത്വത്തിലേക്കാണ്: ശിഷ്യത്വമാകുന്ന നുകം ചുമലിലേന്തി യേശുവിൽ നിന്നു പഠിക്കാനാണാഹ്വാനം.

അധികാരം ദൈവത്തിന്റേതാണെന്നു നമുക്കറിയാം. എല്ലാ അധികാരത്തിന്റെയും സ്രോതസ് ദൈവമാണ്. സർവ്വ ശക്തൻ (മത്താ. 26:60)എന്നാണു പേരു തന്നെ. അവിടുന്ന് അഖിലാണ്ഡത്തെ സൃഷ്ടിച്ചു; നിയന്ത്രിച്ചു പരിപാലിക്കുന്നു. ജീവന്റെയും മരണത്തിന്റെയും കാലഗതികളുടെയും നിത്യശിക്ഷാവിധിയുടെയും സമ്പൂർണ്ണ അധികാരം ദൈവത്തിനാണ്.

യേശു ക്രിസ്തുവിൽ ദൈവത്തിന്റെ ആത്മാവിന്റെ ശക്തമായ അഭിഷേകം ഉണ്ടായിരുന്നു. അവിടുത്തെ അവതരണം പ്രാഖ്യാപിക്കുന്ന യെശയ്യാവിന്റെ വാക്കുകൾ ശ്രദ്ധിക്കൂ: ആധിപത്യം ആ തോളിലിരിക്കും; അത്ഭുതം, ഉപദേഷ്ടാവ്, വീരനായ(ശക്തനായ) ദൈവം, നിത്യപിതാവ്, സമധാനത്തിന്റെ രാജാവ് എന്നെല്ലാം അവിടുന്നു വിളിക്കപ്പെടും. അവിടുത്തെ ആധിപത്യത്തിന്(അധികാരം) അറുതി ഉണ്ടാവുകയില്ല(9:6,7). ഈ അഭിഷേകം ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പീഡിതർക്കു വിമോചനവും കർത്താവിന്റെ പ്രസാദ വർഷവും പ്രസംഗിക്കാൻ ആണ് (ലൂക്കൊ.4:18, 19).

## ജനം കണ്ട അധികാരം

യേശു ക്രിസ്തുവിന്റെ അധികാരം ജനം കണ്ടറിഞ്ഞത് അത്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും മാത്രമല്ല. യിസ്രയേലിലെ പ്രവാചകന്മാരും അത്ഭുതങ്ങൾ പ്രവൃത്തിച്ചിട്ടുണ്ട്; അവയിൽ ചിലത് അത്യുജ്ജ്വലങ്ങളായിരുന്നുതാനും. ചില വിജാതീയ മതക്കാരും അത്ഭുതങ്ങൾ ചെയ്തിട്ടുണ്ട്; ചെയ്യുന്നുമുണ്ട്. എന്നാൽ യേശുവിന്റെ അത്ഭുതങ്ങൾ അവിടുത്തെ അധികാര പ്രകടനങ്ങളായിരുന്നു. ലോകം യേശുവിനെ അറിഞ്ഞു നിത്യജീവൻ പ്രാപിക്കുകയായിരുന്നു അവയുടെ ലക്ഷ്യം: അല്ലെങ്കിൽ ശിഷ്യന്മാരുടെ വിശ്വാസം ദൃഢീകരിക്കാൻ.

അവിടുത്തെ അധികാരം ഏറ്റവും തെളിഞ്ഞു കണ്ടതു പാപവിമോചന പ്രഖ്യാപനങ്ങളിലും പഠിപ്പിക്കലുകളിലുമായിരുന്നുവെന്ന് ആ തലമുറയിലെ ജനം അത്ഭുതത്തോടെ അംഗീകരിച്ചതാണ്. അവിടുന്ന് അധികാരത്തോടെ പഠിപ്പിച്ചു "............. എന്നു പൂർവ്വികന്മാരോട് അരുളിചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ട് : ഞാനോ നിങ്ങളോടു പറയുന്നത്........." ന്യായ പ്രമാണ സൂക്തങ്ങളെ വ്യഖ്യാനിച്ചു വിശദീകരിച്ച് അവയുടെ പൂർണ്ണതയെ പഠിപ്പിക്കുവാൻ യേശു ഉപയോഗിച്ച ഈദൃശവാക്കുകളിൽ സ്ഫുരിച്ച അധികാരം ജനം കണ്ടറിഞ്ഞു. യേശു ഒരു വാക്കു കൊണ്ടു ഭൂതങ്ങളെ പുറത്താക്കി. ഒരു സ്പർശം കൊണ്ടു രോഗികളെ സൗഖ്യമാക്കി. പ്രകൃതി ശക്തികൾ യേശുവിനു കീഴടങ്ങി. മരണം പോലും അവിടുത്തെ സന്നിധിയിൽ തോറ്റോടി.

## അധികാരം മനുഷ്യന്

ദൈവം മനുഷ്യനെ ഉണ്ടാക്കി ഭൂമിയെ അടക്കി സകല സൃഷ്ടിയെയും വാഴുവാൻ (to have dominion) (ഉല്പ. 1:27) നിയോഗിച്ചു. പാപം ചെയ്തു പുറത്തായ ഹവ്വയുടെ ശിക്ഷ ഭർത്താവിന്റെ ഭരണം (ഉല്പ. 3:16) ആയിരുന്നു. ഈ ഭാഗങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു Radah, Mashal എന്നീ പദങ്ങൾക്ക് ഏറെക്കുറെ ഒരേ അർത്ഥങ്ങളാണുള്ളത്. ഭരിക്കുക,അധികാരം നടത്തുക, വാഴുക, ആധിപത്യം ഉണ്ടായിരിക്കുക എന്നൊക്കെയാണവ. മനുഷ്യനു ദൈവം നല്കിയിരിക്കുന്ന പദവി(സങ്കീ 8: 5,6)യാണത്. ആ അധികാരം(വാഴ്ച) സാത്താൻ തന്ത്രപൂർവ്വം തട്ടിയെടുത്തു.

മനുഷ്യന് ഇന്നുമുള്ള എല്ലാ അധികാരവും ദൈവദത്തമാണ്. ദൈവത്തിൽ നിന്നല്ലാതെ അധികാരമൊന്നുമില്ലെന്നു തിരുവചനം. സെകുലർ അധികാരികൾ ദൈവത്തിന്റെ ശുശ്രൂഷകരാണ്(റോമ. 13:1-6, 1 തിമെ. 2:12). പീലാത്തോസിനോടു കർത്താവു പറയുന്നതു (യോഹ. 19:11) അതല്ലേ.

## നിയോഗം അധികാരത്തോടു കൂടെ

അവിടുന്നു പന്തിരുവരെ ദൈവരാജ്യം പ്രസംഗിക്കാൻ അയച്ചതു സകല ഭൂതങ്ങളുടെ മേലും വ്യാധികളുടെ മേലും അവർക്കു ശക്തിയും അധികാരവും കൊടുത്തിട്ടാണ് (മത്താ. 10:1, മർക്കൊ. 6:7, ലൂക്കോ. 9:1). പിന്നൊരിക്കൽ അവിടുന്ന് 70 പേരെ പട്ടണങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും അയച്ചപ്പോൾ പറഞ്ഞത്,"പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു. ഒന്നും നിങ്ങൾക്ക് ഒരിക്കലും ദോഷം വരുത്തുകയില്ല' (ലൂക്കോ. 10:19). അവരെല്ലാം ശുശ്രൂഷ കഴിഞ്ഞു മടങ്ങിവന്നു പറഞ്ഞതു, ഭൂതങ്ങൾ ഞങ്ങൾക്കു കീഴടങ്ങുന്നു, രോഗികൾ സൗഖ്യമാവുന്നു, ജനം പാപ ബന്ധനത്തിൽ നിന്നു വിടുവിക്കപ്പെടുന്നു എന്നൊക്കയാണ്.

ഐഹിക ജീവിതത്തിനൊടുവിലൊരു നാൾ യേശു ശിഷ്യന്മാരെ ധൈര്യപ്പെടുത്തിയിട്ടു പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക: "ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും; ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതിനാൽ അതിൽ വലിയതും ചെയ്യും" (യോഹ. 14:12). യേശു ക്രിസ്തു ചെയ്ത അത്ഭുതങ്ങളെക്കാൾ വലിയവ അവിടുത്തെ വിശ്വസിക്കുന്നവർ ചെയ്യുമെന്നാണ് യേശു പറയുന്നത്. ആദിമ അപ്പൊസ്തലന്മാരുടെ പ്രവർത്തനങ്ങൾ അതു ശരിവയ്ക്കുന്നു. പത്രോസിന്റെ നിഴലും, പൗലോസിന്റെ വസ്ത്രവും രോഗസൗഖ്യത്തിന് ഉപയുക്തമായ കാര്യം ഓർക്കുക (പ്രവൃ. 5:15,19:12).

എനിക്കുള്ളതു നിനക്കു തരുന്നു. നസറായനായ യേശുവിന്റെ നാമത്തിൽ നടക്ക എന്നു പറഞ്ഞു കൊണ്ടു ഗർഭം മുതൽ മുടന്തനായിരുന്നു ഭിക്ഷക്കാരനെ സൗഖ്യമാക്കിയ പത്രോസിന്റെ വിശദീകരണം കേൾക്കൂ, "ഞങ്ങളുടെ സ്വന്തശക്തി കൊണ്ടോ ഭക്തി കൊണ്ടോ ഇവനെ നടക്കുമാറാക്കി എന്നപോലെ" ആശ്ചര്യപ്പെടുന്നതെന്ത്? (പ്രവൃ. 3: 6,12) യേശുവിന്റെ നാമത്തിന്റെ അധികാരമാണു സൗഖ്യം വരുത്തിയതെന്നു സൂചന. സ്വയാർജ്ജിതമായ ശക്തിയോ ഭക്തിയോ അല്ല അത്ഭുതങ്ങൾക്കു കാരണം: എനിക്കുള്ളത് അധികാരമാണ്, ആ നാമം അനുവദിക്കുന്ന അധികാരം.

## അധികാരം യേശുവിന്റെ സാന്നിദ്ധ്യത്തിൽ

യേശു നിയോഗികൾക്കു കൊടുക്കുന്ന ഉറപ്പ് അവിടുത്തെ നിരന്തര സാന്നിദ്ധ്യമാണ്. "യുഗത്തിന്റെ അവസാനം വരെ എല്ലാനാളും ഞാൻ നിങ്ങളോടു കൂടെയുണ്ട്" (മത്താ. 28:20) എന്നതു വെറും പ്രലോഭന വചനമല്ല. അതു വിശ്വസിച്ച അവർ പുറപ്പെട്ട് എല്ലായിടത്തും പ്രസംഗിച്ചു. വിശ്വസ്ഥനായ "കർത്താവ് അവരോടു കൂടെ പ്രവൃത്തിക്കുകയും അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു(മർക്കൊ.16:20).

കർത്താവിന്റെ നിയോഗം വിശ്വസ്തയോടെ പ്രാവർത്തികമാക്കിയ പൗലോസിന്റെ അന്ത്യനാളുകളിൽ എല്ലാവരും അദ്ദേഹത്തെ കൈവിട്ടെങ്കിലും കർത്താവ് തന്നോടു കൂടെ നിന്ന് ( the Lord stood with me) എന്നെ ശക്തികരിച്ചു. തന്മൂലം പ്രസംഗം പൂർത്തീകരിക്കാനും ജനതകൾ അതു കേൾക്കാനും സംഗതിയായി (2 തിമൊ. 4: 17).

## യേശുവിനെപ്പോലെ വിശ്വാസിയും

"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ. 20:21, ലൂക്കോ. 22:19). എന്റെ പിതാവു സകലവും എന്നെ ഭരമേൽപ്പിച്ചിരിക്കുന്നു (മത്താ.11:27). സകലവും ഭരമേൽപിച്ചു പിതാവു പുത്രനെ അയച്ചതു പോലെ സകല അധികാരവും നല്കിയാണു കർത്താവു വിശ്വാസികളെ അയയ്ക്കുന്നത്. വിശ്വസിക്കുന്നവരെ ഈ അടയാളങ്ങൾ പിന്തുടരും. എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും, സർപ്പങ്ങളെ പിടിച്ചെടുക്കും രോഗികൾക്കു സൗഖ്യം വരുത്തും(മർക്കോ. 16:17).

വിശ്വാസിയുടെ അധികാരം നിയോഗിതം (Delegated) ആയിട്ടാണു മനുഷ്യനു സിദ്ധിക്കുന്നത്. അവൻ സമ്പാദിക്കുന്നതോ ആർജ്ജിക്കുന്നതോ ഏറ്റെടുക്കുന്നതോ അല്ല.

*(ശേഷം അടുത്ത പേജിൽ)*

# ഭാരതം കാത്തിരിക്കുന്നു

സരള ഓസ്റ്റിൻ

33

**1517** -ൽ ലിങ്കൺ ഷയറിലുള്ള ബോസ്റ്റണിലാണ് ജോൺ ഫോക്സ് ജനിച്ചത്. ഫോക്സ് ജനിച്ച് അധിക ദിവസങ്ങൾ കഴിയും മുമ്പ് അദ്ദേഹത്തിന്റെ പിതാവ് മരണപ്പെട്ടു. ഏറെ താമസിയാതെ തന്റെ മാതാവ് മറ്റൊരു വിവാഹം കഴിച്ചു. പതിനാറാമത്തെ വയസ്സുവരെ തന്റെ വളർത്തു പിതാവിന്റെ ഒപ്പം കഴിഞ്ഞ ഫോക്സ് പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഓക്സ്ഫോർഡിലെ ബ്രാസനോസ് കോളേജിൽ നിന്നും 1538-ൽ ബിരുദവും 1543 -ൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി. അതേ വർഷം തന്നെ അദ്ദേഹത്തെ മഗ്ദലൻ കോളേജിൽ ഫെലോ ആയി തെരഞ്ഞെടുക്കപ്പെട്ടു.

ജീവിതത്തിൽ ഉത്തമമായ ആദർശങ്ങൾ കാത്തു സൂക്ഷിക്കാൻ പരിശ്രമിച്ച ജോൺ ഫോക്സ് തിരുവെഴുത്തുകളെക്കുറിച്ച് ഗവേഷണം നടത്തിയതിനെത്തുടർന്ന് റോമാ സഭയുടെ തെറ്റുകൾ തിരിച്ചറിഞ്ഞു. എബ്രായ ഭാഷയിൽ അദ്ദേഹത്തിനു ലഭിച്ച നൈപുണ്യം സഭയുടെ ദുരുപദേശങ്ങൾക്കെതിരെ പോരാടാൻ അദ്ദേഹത്തെ സഹായിച്ചു.

റോമാ സഭയിലെ അനീതിക്കെതിരെ പോരാടിയ ജോൺ ഫോക്സിനെ സർവ്വകലാശാല പുറത്താക്കി. അദ്ദേഹത്തിന്റെ സുഹൃത്തുക്കളും വളർത്തു പിതാവും അദ്ദേഹത്തെ സ്വീകരിക്കാൻ ഭയപ്പെട്ടു. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട ഫോക്സ് മറ്റൊരാളുടെ സഹായം തേടി അലഞ്ഞപ്പോൾ വാർവിറ്റ്ഷയറിലുള്ള സർ തോമസ് ലൂസി അദ്ദേഹത്തിന് സഹായ ഹസ്തമേകി. തോമസ് ലൂസിയുടെ കുട്ടികളുടെ അധ്യാപകനായും ഫോക്സ് നിയമിതനായി. താമസിയാതെ വിവാഹിതനായ ഫോക്സ് ലണ്ടനിലെത്തി. അവിടെ പട്ടിണിയും അനാഥത്വവും അദ്ദേഹത്തെ കാത്തിരുന്നു. ധാരാളം എതിർപ്പുകളും ബുദ്ധിമുട്ടുകളും അടിക്കടി അദ്ദേഹത്തെ വേട്ടയാടി. 1553-ൽ ഫോക്സും കുടുംബവും ഫ്രാങ്ക്ഫർട്ടിലേക്കു കപ്പൽ കയറി. ധാരാളം പ്രതിസന്ധികൾക്കൊടുവിൽ സ്വിറ്റ്സർലണ്ടിലുള്ള ബയ്സലിൽ അഭയം കണ്ടെത്തി.

ബയ്സലിൽ അച്ചടി വിദ്യയ്ക്ക് അനന്ത സാദ്ധ്യതകൾ ഉണ്ടെന്നറിഞ്ഞ ഫോക്സ് രക്തസാക്ഷികളുടെ ചരിത്രം. പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുകയും 1559-ൽ അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. എലിസബെത്ത് രാജ്ഞിയുടെ കിരീടധാരണത്തോടനുബന്ധിച്ച് 1559-ൽ ഫോക്സ് ലണ്ടനിലേക്കു മടങ്ങി. നോർഫോക്കിലെ ഡ്യൂക്ക് അദ്ദേഹത്തെ ഹാർദ്ദമായി സ്വാഗതം ചെയ്യുകയും ഡ്യൂക്ക് മരിക്കുന്നതുവരെ അവിടെയുള്ള പള്ളികളിൽ സ്വാതന്ത്ര്യത്തോടെ പോകാനും പ്രസംഗിക്കാനും അനുവാദം ലഭിക്കുകയും ചെയ്തു.

സാലിസ്ബറിയിൽ വച്ച് ഫോക്സ് രക്തസാക്ഷികളുടെ ചരിത്രത്തിന്റെ പരിഷ്കരിച്ച പതിപ്പ് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. നീണ്ട 11 വർഷത്തെ പരിശ്രമത്തിനുശേഷം അദ്ദേഹം അതു പൂർത്തിയാക്കി. പുസ്തകത്തിന്റെ കൃത്യതയ്ക്കുവേണ്ടി ഓരോ വരികളും സ്വന്തം കൈകൊണ്ടാണ് അദ്ദേഹം എഴുതി തീർത്തത്. ലോക ചരിത്രത്തിൽ ആദ്യമായി പ്രൊട്ടസ്റ്റന്റ് രക്തസാക്ഷികളുടെ ചരിത്രം എഴുതിയത് ജോൺ ഫോക്സാണ്. കഠിനാദ്ധ്വാനവും ഉറക്കിളപ്പും ഫോക്സിന്റെ ആരോഗ്യം ക്ഷയിപ്പിച്ചുകൊണ്ടിരുന്നു. ഒടുവിൽ 1587-ൽ ഏപ്രിൽ 18-ന് ഫോക്സ് തന്റെ ജീവനെ ക്രിസ്തുവിന്റെ കരങ്ങളിൽ ഏല്പിച്ചു കൊടുത്തു.

അറിഞ്ഞ സത്യങ്ങൾക്കു വേണ്ടി എന്തു വില നൽകാനും തയ്യാറായ വ്യക്തിയാണ് ജോൺ ഫോക്സ്. സത്യം വിളിച്ചു പറഞ്ഞപ്പോൾ എല്ലാവരാലും വെറുക്കപ്പെടുകയും പട്ടിണി കിടക്കേണ്ടി വരികയും ഒടുവിൽ നാടു വിടേണ്ടിവരികയും ചെയ്തു. എന്നിട്ടും ഫോക്സ് സത്യത്തിനുവേണ്ടി പോരാടി. യേശുവിനെ പ്രസംഗിച്ച് സുവിശേഷ പോർക്കളത്തിൽ പിടഞ്ഞു വീണ് മരിച്ച രക്തസാക്ഷികളുടെ ചരിത്രം എഴുതാൻ തയ്യാറായ ദൈവ ഭൃത്യനായ ജോൺ ഫോക്സിനെപ്പോലുള്ള ധീരയുവാക്കൾക്കായി ഭാരതം ഇന്നും കാത്തിരിക്കുന്നു.

---

8-ാം പേജിന്റെ തുടർച്ച...

## അധികാരത്തിന്റെ ഉറവിടം

ദൈവമാണു ശക്തി സ്രോതസെന്നു നമുക്കറിയാം. യേശുവിൽ സകല അധികാരവും നിക്ഷിപ്തമാണെന്നു നാം മനസിലാക്കി. പരിശുദ്ധാത്മാവിലാണു വിശ്വാസി ശക്തി ധരിക്കുന്നത് (പ്രവൃ. 17:8). വിശ്വസിക്കാൻ പാടുപെടുന്ന മറിയയോടു ദൂതൻ പറയുന്നതു ശ്രദ്ധിക്കൂ: പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും (ലൂക്കോ. 1:35). പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായ യേശു ആത്മാവിന്റെ ശക്തിയോടെ ഗലീലയിലേക്കു മടങ്ങിച്ചെന്നു (4:14). അവിടുന്നു വിശ്വാസികൾക്കു പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുകയും ചെയ്തു.

സുവിശേഷ ശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പ് ഈ വാഗ്ദത്തത്തിനായി കാത്തിരിക്കാൻ അവിടുന്നു പറഞ്ഞത് അനുസരിച്ചവരുടെ മേൽ പരിശുദ്ധാത്മാവു വന്നു. അവർക്ക് അധികാരവും ശക്തിയും ലഭിച്ചു. അവർ ലോകമെങ്ങും യേശുവിന്റെ സാക്ഷികൾ ആയി. അതു വാഗ്ദത്ത നിവൃത്തിയാണ്; ദൗത്യനിവൃത്തിയും.

## ഗിയറിടാത്ത വാഹനം പോലെ

പരിശുദ്ധാത്മവു നല്കുന്ന ശക്തി സുവിശേഷീകരണത്തിനാണ്; യേശുവിന്റെ രക്ഷാകര പ്രവൃത്തിക്ക് സാക്ഷിയാകാൻ. മറ്റെന്തിന് ഈ ശക്തി ഉപയോഗിച്ചാലും അതു കെടുകാര്യസ്ഥതയാണ്; നല്ല കാര്യവിചാരകത്വം അല്ല, ശക്തിയുടെയും അധികാരത്തിന്റെയും ദുർവിനിയോഗം. അത് അക്ഷന്തവ്യമായ അപരാധമാണ്.

ഫുൾ ടാങ്ക് ഇന്ധനം ഉള്ള ഒരു വാഹനത്തിന്റെ ഇഞ്ചിൻ സ്റ്റാർട്ടാക്കി ഫുൾ ത്രോട്ടിലിൽ ശബ്ദം പെരുപ്പിക്കുക കൂടെ ചെയ്താലോ?
ഇഞ്ചിനിൽ നിന്നു പൊട്ടലും ചീറ്റലും പുകയും ഉണ്ടാവും. അങ്ങനെ അതിനെ നിർത്തിയിരുന്നാൽ ഇന്ധനം കത്തിത്തീരുമെന്നല്ലാതെ എന്തു പ്രയോജനം? അത് ഉപയോഗപ്രദമാവണമെങ്കിൽ ഗീയർ ഇട്ടു മുന്നോട്ടു വിടണം. അതു സംഭവിക്കുന്നതുവരെ ശബ്ദവും പരിസര മലീനികരണവുമുണ്ടാവുമെന്നല്ലാതെ പ്രയോജനമൊന്നുമില്ല.

ഇന്ന് അനേക വിശ്വാസികളുടെയും അവസ്ഥ ഇതാണ്. ഒച്ചയ്ക്കും ബഹളത്തിനും ഒരു കുറവുമില്ല. വീഴ്ത്തലും വീഴലും കുക്കുവിളിയും അട്ടഹാസവും അലർച്ചയും കുരയും ഛർദ്ദിയും വേണ്ടുവോളുമുണ്ട്. ഇതെല്ലാം ആത്മാവിലാണെന്നവർ പറയുകയും ചെയ്യും. പക്ഷേ, ഇരിക്കുന്നിടം(കിടക്കുന്നിടമാവും നല്ല പ്രയോഗം) വിട്ട് അനങ്ങുകയില്ല. എന്നും എപ്പോഴും ശക്തി സംഭരണമാണവരുടെ മുഖ്യ പ്രവർത്തനം. പോകാൻ കർത്താവു പറയുമ്പോൾ "ഇരിക്കാൻ" ശഠിക്കുന്ന, പഠിപ്പിക്കുന്ന ഉപദേഷ്ടാക്കന്മാർ, അതാണ് ഇന്നത്തെ ഗതി.

## കാത്തിരിക്കണ്ട, ഏറ്റെടുക്കണ്ട

ഗിദെയനോടു ദൈവം ഏഴുദിവസമോ നാല്പത്തിരണ്ടു ദിവസമോ "ഇരിക്കാൻ" പറഞ്ഞില്ല. ദൈവം അദ്ദേഹത്തോട്: ഈ ബലത്തോടെ പോക...... ഞാൻ നിന്നോടു കൂടെ ഇരിക്കും; നീ (നിന്റെ ശത്രുക്കളെ) തോല്പിക്കും (ന്യായാ. 6:14-16) എന്നാണു പറഞ്ഞത്. നമ്മോടു പറയുന്നതും അതുതന്നെ. ആകയാൽ നിങ്ങൾ പുറപ്പെട്ട്..... സകല ജനതകളെയും........ പഠിപ്പിക്കുവിൻ. ഞാൻ യുഗാന്ത്യത്തോളം നിരന്തരമായി നിങ്ങളോടു കൂടെയുണ്ട് (മത്താ. 28: 19-20).

പരിശുദ്ധാത്മ സ്നാനം പ്രാപിച്ചശേഷം സുവിശേഷീകരണ പ്രക്രിയയിൽ വ്യാപൃതരാവാതെ കാലം കഴിക്കാൻ ദൈവവചനത്തിൽ ന്യായീകരണമൊന്നുമില്ല. അതുപോലെ, ശുശ്രൂഷ ഏറ്റെടുക്കുന്നതല്ല ഏല്പിക്കപ്പെടുന്നതാണ് എന്നും അറിയുക. അത് അദ്യവിളിയിൽ തന്നെ സംഭവിക്കുകയും ചെയ്തു. പാപബോധം വരുത്തുന്നതും മാനസാന്തരത്തിലേക്കു നടത്തുന്നതും പരിശുദ്ധാത്മാവാണ്. വിശ്വാസി വെറും ഒരുപകരണം മാത്രം.

## ശത്രു ക്രൂശിൽ തോല്പിക്കപ്പെട്ടവൻ

വിശ്വാസിയുടെ ദൗത്യനിർവഹണത്തിൽ അയാൾക്കു നേരിടേണ്ടിവരുന്നതു തോറ്റ ഒരു ശത്രുവിനെയാണ്. കാൽവറിയിൽ യേശുക്രിസ്തു ന്യായപ്രമാണത്തെ നിവർത്തിച്ചു റദ്ദാക്കുക മാത്രമല്ല ചെയ്തത്. അവിടുന്നു വാഴ്ചകളെയും അധികാരങ്ങളെയും (ആകാശത്തിലെ അധിപതികളെയും ദുഷ്ടാത്മ സേനയെയും പാർസി രാജാവിനെയും എല്ലാം) ആയുധം വയ്പിച്ച് അവരുടെ മേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യ കാഴ്ചയാക്കി (കൊലോ. 2: 14,15). യേശു അവന്റെ തല തകർത്തു. പല്ലി ചത്തിട്ടും വാലു ചാടുന്നതു പോലെ അവനല്പമുള്ള ശക്തി കൊണ്ട് അല്പകാലമേ ഉള്ളുവെന്നറിഞ്ഞു തന്ത്രങ്ങൾ പയറ്റുന്നു. അതു മനസിലാവാതെ വിശ്വാസി അമ്പരക്കുന്നു.

## ജയിച്ച യേശു നമ്മിൽ, നമ്മോടു കൂടെ

സകല അധികാരങ്ങളുമുള്ള യേശുക്രിസ്തു കൂടെയുള്ളപ്പോൾ ഒരു വിശ്വാസി പിന്നെ ആരെയാണു പേടിക്കുന്നത്? മോശെയുടെ നിര്യാണത്തെ തുടർന്നു നേതൃത്വത്തിലേക്ക് ഉയർത്തപ്പെട്ട യോശുവയോടു ദൈവം പറയുന്ന വാക്കുകൾ ശ്രദ്ധിക്കൂ: ഞാൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കുകയും ഇല്ല....... നിന്നോടു കല്പിച്ചിട്ടുള്ളത് ഒക്കെയും അനുസരിച്ചു നല്ല ഉറപ്പും ധൈര്യവും ഉള്ളവനായിരിക്കുക....... നിന്റെ ദൈവം നീ പോകുന്ന ഇടത്തൊക്കെയും നിന്നോടു കൂടെയുണ്ട് (യോശ .1:5-9).

യോശുവ അയച്ച ഒറ്റുകാരോടു രാഹാബു പറയുന്ന വാക്കുകൾ, യഹൂദാ ഗോത്രത്തിന്റെ സിംഹമായ യേശു ക്രിസ്തുവിനെക്കുറിച്ചുള്ള വാർത്ത ജനത്തിൽ ഉണ്ടാക്കുന്ന മാനസിക വിഭ്രാന്തിയുടെ തെളിവാണ്."നിങ്ങളെ പ്രതിയുള്ള ഭീതി ഞങ്ങളുടെ മേൽ വീണിരിക്കുന്നു. ഈ ദേശനിവാസികൾ എല്ലാവരും നിങ്ങൾ നിമിത്തം ഉരുകിപ്പോയിരിക്കുന്നു" (യോശു. 2:9).

ദൈവസഭയുടെ രൂപീകരണ നാളുകളിലെ ചരിത്രം രേഖയാക്കുമ്പോൾ ലൂക്കോസ് എഴുതി: എല്ലാവർക്കും ഭയമായി (പ്രവൃ. 2:43). എല്ലാവരും ആരെയാണു ഭയപ്പെട്ടത്? ദിവസങ്ങൾക്കു മുമ്പു യഹൂദന്മാരെ ഭയന്നു വീടിനകത്തു വാതിലടച്ച് ഒളിച്ചു കഴിഞ്ഞിരുന്ന പത്രോസിനെയും കൂട്ടുകാരെയുമോ? അല്ലേ അല്ല. അവർ ഭയന്നതു കുഞ്ഞാടിനെയാണ്, സകല അധികാരങ്ങളുമുള്ള കുഞ്ഞാടിനെ (വെളി. 6:15-16).

അധികാരം എന്നു മൊഴിമാറ്റിയിരിക്കുന്ന Exousia എന്ന യവന പദത്തിന്റെ മൂലാർത്ഥത്തിൽ 'തടസത്തിന്റെ സാന്നിദ്ധ്യം പോലും അംഗീകരിക്കാത്ത' എന്ന ആശയമാണുള്ളത്. അധികാരത്തിന്റെ പാരമ്യമാണിത്. ആ അധികാരമാണു വിശ്വാസിക്കുള്ളത്.

രാജാധി രാജാവിന്റെ അധിവാസം ആയ വിശ്വാസിയുടെ കർത്തവ്യ നിർവ്വഹണത്തിൽ അവനു തടസമാവാൻ ഒരു ശക്തിക്കും കഴിയുകയില്ല. ഇന്നു വിശ്വാസിയുടെ പ്രധാന ശത്രു അവന്റെ സംശയവിചാരങ്ങളാണ്. ക്രിസ്തുവിന്റെ പരിജ്ഞാനത്തിനു വിരോധമായി അവനിൽ തന്നെ ഉയരുന്ന വിചാരങ്ങളും സങ്കൽപങ്ങളും ഉയർച്ചകളും ആണ്(2 കൊരി 10:5). അവയെ പിടിച്ചടക്കി ക്രിസ്തുവിന്റെ അനുസരണത്തിനു വിധേയമാക്കിയാൽ വിശ്വാസി വിജയിച്ചു. വഴിയിൽ സിംഹമുണ്ടെന്നു പറയുന്നവൻ രാജകേസരിയുമായി ബന്ധമില്ലാത്തവരാണ്. ദൈവകാര്യ നിർവ്വഹണത്തിൽ നാം തനിച്ചല്ല. ഇതു രാജാധിരാജാവിന്റെ സേവയാണ്. നമുക്ക് ഉണരാം! ഉയരാം !!

ഭാഗം 61

# ക്രൈസ്തവസഭയുടെ ചരിത്രം

*എൻ. ജസ്റ്റിൻരാജ്*

### ബ്രദറൻ വിശ്വാസികൾ (എ.ഡി. 1830)

യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുപ്പു പ്രാപിച്ച എല്ലാവരും രാജകീയ പുരോഹിത വർഗ്ഗമാണെന്നും, അതിനാൽ സഭയിൽ പ്രത്യേക അധികാരമുള്ള പുരോഹിതന്മാരും പൗരോഹിത്യാധിപത്യവും ഇല്ലെന്നും വചനപഠനത്തിലൂടെ തിരിച്ചറിഞ്ഞ് പുതിയ നിയമ മാതൃകയിലുള്ള ആരാധനാ രീതിയിലേക്കു തിരിച്ചുപോകണം എന്ന നവീകരണ ആശയം ചിലർക്കുണ്ടായി. അപ്പം നുറുക്കൽ 'കുർബ്ബാനയല്ല' അത് അപ്പോസ്തലികമാണ്. അത് നുറുക്കുന്നതിന് പ്രത്യേക അധികാരമുള്ള പുരോഹിതന്റെ ആവശ്യമില്ലാ എന്നും അവർ ബൈബിളിൽ നിന്നും മനസ്സിലാക്കി.

ഡോ. എഡ്വേർഡ് ക്രോത്തിൽ, എഫ്. ഹച്ചിൻസൺ, വില്യം സ്റ്റോക്സ്, എഡ്വേർഡ് വിത്സൻ, ജോൺ വി. പാർണൽ, ജെ. ജെ. ബെല്ലറ്റ്, ജോൺ നെൽസൻ തുടങ്ങിയവരായിരുന്നു ഈ പുതിയ പ്രൊട്ടസ്റ്റന്റ് ചിന്താഗതിക്കാർ. ഇവർ 1825-ൽ ഭവനത്തിൽ കൂടി ആരാധിക്കുകയും 'അപ്പം നുറുക്കുകയും' ചെയ്തു. അയർലന്റിന്റെ തലസ്ഥാനമായ ഡബ്ലിനിൽ ആയിരുന്നു ഇവർ കൂടിയത്. അവിടെ ബൈബിൾ പഠനവും ചർച്ചകളും സംഘടിപ്പിച്ചു.

പ്രൊട്ടസ്റ്റന്റ് സഭകളിൽ അംഗത്വമുണ്ടായിരുന്ന ഇവർ അതാതു സഭകളിലെ അംഗത്വം നിലനിർത്തിക്കൊണ്ടായിരുന്നു വേറിട്ട് 'അപ്പം നുറുക്കിയത്. എന്നാൽ പിന്നീട് പൗരോഹിത്യാധിപത്യമുള്ള സഭകളിലെ അംഗത്വം ഉപേക്ഷിച്ച് പരസ്യമായി ത്തന്നെ അവർ സമ്മേളിക്കുകയും അപ്പം നുറുക്കുകയും ചെയ്തു. തുടർന്ന് പ്ലിമത്ത്,ബ്രിസ്റ്റൽ തുടങ്ങിയ ഇടങ്ങളിൽ ആയിരത്തിലേറെ വിശ്വാസികൾ കൂടുന്ന സമൂഹങ്ങൾ ഉടലെടുത്തു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് മിഷണറിമാരെ അയച്ച അവർ മിഷണറി പ്രവർത്തനങ്ങളിൽ പ്രത്യേക നിർബ്ബന്ധമുള്ളവരായിരുന്നു. ആദ്യകാല ബ്രദറൻകാർ ഒരു പ്രത്യേക സഭാവിഭാഗമായി അറിയപ്പെടുവാൻ ആഗ്രഹിക്കാത്തതിനാൽ ഒരു'സഭാ നാമം' സ്വീകരിച്ചിരുന്നില്ല. സഭ 'ഏകം' എന്നും പ്രാദേശികവും സാർവ്വത്രികവുമാണെന്നും അവർ വിശ്വസിച്ചു. എന്നാൽ ഇവരുടെ പരസ്പരധാരണയും ഐക്യവും സ്നേഹവും സൗഹാർദ്ദതയും കണ്ട് മറ്റുള്ളവർ അവരെ ...........(സഹോദരങ്ങൾ) എന്നു വിളിച്ചു. അത് പിന്നീട് അവരുടെ സഭാ നാമമായി മാറി.

### വിൻസെന്റ് ഡിപോൾ സഖ്യം (എ.ഡി. 1833)

പ്രവൃത്തിയിലൂടെ ക്രിസ്തുവിന്റെ സ്നേഹം വെളിപ്പെടുത്തുക എന്ന വിപ്ലവ മാർഗ്ഗം സ്വീകരിച്ചു കൊണ്ട് മറ്റുള്ളവരുടെ കണ്ണീരൊപ്പുവാൻ ഇറങ്ങിത്തിരിച്ച കത്തോലിക്കാ സഭയിലെ ഒരു പ്രശസ്തനായ അത്മീയ നേതാവായിരുന്നു. ഫ്രെഡറിക്ക് ഓസാനാം. മറ്റുള്ളവരുടെ മുറിവിന് ഒരൗഷധമായി മാറുക, അവരുടെ കഷ്ടതയിൽ ആശ്വാസമായി മാറുക എന്നതായിരുന്നു ഓസാനാമിന്റെ ജീവിത ദർശനം. 'പ്രസംഗം ഞങ്ങൾക്കു വേണ്ട, നിങ്ങളുടെ പ്രവർത്തി ഞങ്ങൾക്കു തരിക' എന്ന കഷ്ടപ്പെടുന്നവരുടെ മുറവിളിക്ക് അദ്ദേഹം ശ്രദ്ധ നൽകി. പാരീസിലെ സോർ ബോൺ സർവ്വാകലാശാലയിൽ നിയമ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്റെ ഇരുപതാമത്തെ വയസ്സിൽ ഓസ്സാനാം ആരംഭിച്ച ജീവകാരുണ്യ പ്രസ്ഥാനമാണ് 'സെന്റ് വിൻസെന്റ് ഡി പോൾസ് സൊസൈറ്റി. പ്രൊഫ. ബെയിലിയും നാലുയുവാക്കളും അതിനാവശ്യമായ സഹകരണം നല്കി.

ഇറ്റലിയിൽ ആന്റണി ഓസാനാം, മേരി എന്നിവരുടെ പുത്രനായി 1813 ഏപ്രിൽ 23-ാം തീയതിയായിരുന്നു ഓസാനാം ജനിച്ചത്. ഹീബ്രു, സംസ്കൃതം, ഈജിപ്ഷ്യൻ തുടങ്ങി ഒരു ഡസനോളം ഭാഷകളിൽ അദ്ദേഹത്തിന് പ്രാവീണ്യമുണ്ടായിരുന്നു. നിയമത്തിലും സാഹിത്യത്തിലും ഡോക്ടറേറ്റ് നേടിയ അദ്ദേഹം ഒരു പ്രൊഫസറായി. ഒരു വൈദികനാകണമെന്ന് പലരും ഉപദേശിച്ചുവെങ്കിലും അദ്ദേഹം അത് നിരാകരിച്ചു. 1841-ൽ എമിലി എന്ന പെൺകുട്ടിയെ അദ്ദേഹം വിവാഹം കഴിച്ചു. കത്തോലിക്കാ സഭയിലെ ഏറ്റവും ശക്തമായ ജീവകാരുണ്യ പ്രവർത്തന പ്രസ്ഥാനമായി വിൻസെന്റ് ഡിപോൾ സൊസൈറ്റി വളർന്നു. "വിശ്വാസം പ്രവൃത്തിയിലൂടെ വെളിപ്പെടുത്തുക, സ്വയം വിശുദ്ധിയിൽ വളരുക, മറ്റുള്ളവരെ വിശുദ്ധിയുടെ വഴിയിലേക്കു നയിക്കുക, ദരിദ്രർക്കും മർദ്ദിതർക്കും ആശ്വാസം നല്കുക, പാവപ്പെട്ടവരിൽ ക്രിസ്തുവിനെ കാണുകയും അവർക്കു സ്നേഹം പകർന്നു കൊടുക്കുകയും ചെയ്യുക, ഇവയായിരുന്നു സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റിയുടെ ലക്ഷ്യം".

ഓസാനാമിന്റെ ദർശനവും ത്യാഗമനോഭാവവും അനേകായിരങ്ങളെ സ്വാധീനിച്ചു. ഇന്ത്യയിൽ 1852 ലും കേരളത്തിൽ 1878 -ലും വിൻസെന്റ് ഡിപോൾ സൊസൈറ്റിയുടെ പ്രവർത്തനം ആരംഭിച്ചു. 40-ാമത്തെ വയസ്സിൽ ഓസ്സാനാം അന്തരിച്ചുവെങ്കിലും അദ്ദേഹത്തിന്റെ ആദർശങ്ങൾ വിൻസെന്റ് ഡിപോൾ സൊസൈറ്റിയിലൂടെ ലോകമെമ്പാടും വ്യാപിച്ചു.

**മൂർച്ചയുള്ള കുന്തം കൊണ്ടുള്ള കുത്തേൽക്കുമ്പോഴും ക്രിസ്തുവിന്റെ രക്ഷയുടെ സുവിശേഷം അവളുടെ വായിൽ നിന്നും ജയ ഭേരിയായി മുഴങ്ങി. അവൾ സഹിക്കുന്ന പീഡനം കണ്ട് വാവിട്ട് കരഞ്ഞ കൂട്ടുകാരിയോട് കൊലക്കളത്തിലേക്ക് കടക്കുന്നതിന് മുമ്പ് അവൾ പറഞ്ഞ വാക്കുകൾ ജയത്തിന്റേതായിരുന്നു "നീ എന്നെ ഓർത്ത് വിഷമിക്കണ്ട, ദൈവഹിതമെങ്കിൽ എന്റെ രക്ഷകനായ ക്രിസ്തുവിനുവേണ്ടി മരിക്കുവാൻ ഞാൻ തയ്യാറാണ്".**

### ധീര രക്തസാക്ഷിയായ റഫാരാവാവ്സ്

ക്രിസ്തുഭക്തയും ക്രിസ്തുദർശനത്തിന്റെ പ്രചാരകയുമായിരുന്നതിനാൽ മാലഗാസിയിലെ റഫാരാവാവ്സ് എന്ന പെൺകുട്ടിയെ കുന്തം കൊണ്ട് കുത്തിക്കൊല്ലുവാൻ 1837-ൽ മാഡഗസ്കറിലെ രാജ്ഞി ആജ്ഞാപിച്ചു. കൊലവിളംബരം കേട്ടിട്ടും പതറാതെ ക്രിസ്തുവിന്റെ സാക്ഷിയായി അവൾ നിലകൊണ്ടു. പ്രാർത്ഥിക്കരുതെന്ന് രാജ്ഞി കല്പിച്ചുവെങ്കിലും അവൾക്ക് പ്രാർത്ഥിക്കാതിരിക്കുവാൻ കഴിഞ്ഞില്ല. അന്നവൾ കൂടുതൽ പ്രാർത്ഥിച്ച് ദൈവ സന്നിധിയിൽ സ്വയം സമർപ്പിച്ചു.

അസാധാരണമായ ദൈവകൃപ അനുഭവിച്ച അവളുടെ കൊലക്കളത്തിലേക്കുള്ള അന്ത്യയാത്ര ഫലത്തിൽ ഒരു സുവിശേഷ യാത്രയായിമാറി. ക്രിസ്തു വചനം പ്രഘോഷിച്ചതുകൊണ്ട് വധ ശിക്ഷക്ക് വിധിക്കപ്പെട്ട അവൾ, കൊലക്കളത്തിലേക്കുള്ള വഴിയുടെ രണ്ട് ഭാഗത്തും ഉണ്ടായിരുന്ന കാഴ്ചക്കാരോടെല്ലാം സുവിശേഷം വിളിച്ചു പറഞ്ഞു. മൂർച്ചയുള്ള കുന്തം കൊണ്ടുള്ള കുത്തേൽക്കുമ്പോഴും ക്രിസ്തുവിന്റെ രക്ഷയുടെ സുവിശേഷം അവളുടെ വായിൽ നിന്നും ജയ ഭേരിയായി മുഴങ്ങി. അവൾ സഹിക്കുന്ന പീഡനം കണ്ട് വാവിട്ട് കരഞ്ഞ കൂട്ടുകാരിയോട് കൊലക്കളത്തിലേക്ക് കടക്കുന്നതിന് മുമ്പ് അവൾ പറഞ്ഞ വാക്കുകൾ ജയത്തിന്റേതായിരുന്നു "നീ എന്നെ ഓർത്ത് വിഷമിക്കണ്ട, ദൈവഹിതമെങ്കിൽ എന്റെ രക്ഷകനായ ക്രിസ്തുവിനുവേണ്ടി മരിക്കുവാൻ ഞാൻ തയ്യാറാണ്" അവസാനം അവൾ കൊലക്കളത്തിൽ കുന്തം കൊണ്ടുള്ള കുത്തേറ്റ് മരിച്ചു! അവളുടെ പ്രാണൻ താൻ പ്രിയം വച്ച കർത്തൃ സന്നിധിയിലേക്ക് പറന്നു പോയി.

### നരഭോജികൾക്ക് അപ്പമായി മാറിയ ജോൺ വില്യംസും സംഘവും

1796-ൽ റ്റോറ്റൻ ഹോമിൽ ഒരു ക്രിസ്തീയ ഭവനത്തിൽ ജോൺ വില്യംസ് ജനിച്ചു. 18-ാമത്തെ വയസ്സിൽ മിഷണറി ദർശനം ലഭിച്ച അദ്ദേഹം ഭാര്യയും ഏതാനും മിഷണറിമാരുമായി 1816-ൽ ലണ്ടൻ മിഷണറി സൊസൈറ്റിയുടെ മിഷണറിയായി പസഫിക് ദ്വീപുകളിലേക്കു യാത്രതിരിച്ചു. ദഹിത്തി എന്ന ദ്വീപിൽ മിഷണറി പ്രവർത്തനം ആരംഭിച്ചു. അവിടെ പ്രശ്നങ്ങളും വധഭീഷണികളും അഭിമുഖീകരിക്കേണ്ടിവന്നുവെങ്കിലും ക്രിസ്തുവിന്റെ ധീരഭടനായി ദൈവവചനത്തിനുവേണ്ടി കാത്തു നില്ക്കുന്ന ദ്വീപുകളിൽ അദ്ദേഹം നിലകൊണ്ടു. ദ്വീപുകളുടെ സുവിശേഷീകരണമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യമെന്നതിനാൽ അതിലേക്ക് ഒരു സുവിശേഷകപ്പലും സ്വന്തമായുണ്ടായിരുന്നു.

'ദ്വീപുകളുടെ മിഷണറിയായി' അറിയപ്പെട്ട ജോൺ വില്യംസ് ഒരു ദ്വീപ് സുവിശേഷീകരിച്ചാൽ അടുത്തതിലേക്ക് കുതിക്കുമായിരുന്നു. സുവിശേഷ പ്രചരണാനന്തരം അവിടെ സഭകൾ രൂപം കൊള്ളും. 1837-ൽ ജോൺ വില്യംസും സംഘവും ന്യൂ ഹേബ്തറാഡ്സ് ദ്വീപിലെത്തി സുവിശേഷം അറിയിക്കുകയും അവിടെ ഒരു സഭരൂപം കൊള്ളുകയും ചെയ്തു. 1839 നവംബർ 20-ന് ദ്വീപിലെ നരഭോജികൾ അദ്ദേഹത്തേയും കൂട്ടരേയും കൊന്നു ഭക്ഷിച്ചു. ഒരു ഇംഗ്ലീഷ് കപ്പലിലെ ജോലിക്കാർ ആയിരുന്നു ഈ സംഭവം പുറം ലോകത്തെ അറിയിച്ചത്. ക്രിസ്തുവിന്റെ സ്നേഹത്താൽ നിറയപ്പെട്ട 'ദ്വീപുകളുടെ മിഷണറിയും കൂട്ടരും നരഭോജികളുടെ അപ്പമായി മാറി!

(തുടരും)




**ഉണ്ണി അമ്മയമ്പലം**

## മനമുരുകും പ്രാർത്ഥന

*അയ്യോ മാനമിരുണ്ടല്ലോ*
*ഇടിയും മിന്നലുമാണല്ലോ*
*മഴയിപ്പോഴിങ്ങെത്തുല്ലോ*
*കുടയില്ലാതെന്തോ ചെയ്യും*

*കുടവേണം കുഞ്ഞേശുവേ*
*കുടവേണം പൊന്നേശുവേ*
*കുടയില്ലെങ്കിൽ മഴ പോണം*
*മഴയത്തങ്ങനെ ഞാൻ പോകും*

*മനമുരുകും പ്രാർത്ഥന മുഴുവൻ*
*മിശിഹാനാഥൻ കാതോർത്തു*
*മഴപോയ് മാനം കുടയായി*
*മിശിഹാനാഥൻ തുണയായി......*

## നുറുങ്ങ് കവിത

സത്യം കാട്ടും
നേർവഴി നൽകും
വെളിച്ചമാകും അക്ഷരങ്ങൾ
അറിവും നിറവും
ആമോദവുമായ്
യേശു ജീവിക്കുന്നു
യേശു ജീവിക്കുന്നു

## പുതുവർഷം തുടങ്ങിക്കഴിഞ്ഞാൽ

2010 കഴിഞ്ഞു. ഇനി 2011 –ലേക്ക് നമ്മൾ യാത്ര ചെയ്യുകയാണ്. നിങ്ങൾ യേശുവിന്റെ കുഞ്ഞു മക്കൾക്കു വേണ്ടി ഇതെഴുതുന്നത് പൂർണ നിലാവുള്ള ഒരു രാത്രിയെ മുഖാമുഖം കണ്ടുകൊണ്ടാണ്. ഈ പ്രകൃതിയെ കാണാൻ, ഈ നിലാവിൽ കുളിച്ചു നില്ക്കുന്ന ഈ ഭൂമിയെക്കാണാൻ, തെളിഞ്ഞ ആകാശത്തിന്റെ നീലിമ കാണാൻ, അണിഞ്ഞു നില്ക്കുന്ന കുഞ്ഞു നക്ഷത്രങ്ങളെ കാണാൻ ദൈവം കണ്ണുകൾ തന്നുവല്ലോ. എന്തൊരു ശോഭയാണിതിന്. എന്തൊരു കുളിർമയാണീ നിലാവിന്. നിങ്ങളും ഇതൊക്കെ ആസ്വദിക്കുന്നു വെന്നു കരുതട്ടെ.....

ഈ ഭൂമി, അതിലെ വർണ ഭംഗി അതിന്റെ താളാത്മകത..... പ്രഭാതത്തിലും പ്രദോഷത്തിലും പാടിയലയുന്ന പക്ഷികളുടെ ഇമ്പ മുള്ള സ്വരം ഇതൊക്കെ ആസ്വദിക്കാൻ കണ്ണുകളും കാതുകളും മനസ്സും തന്ന ദൈവത്തിന് എത്ര നന്ദി പറഞ്ഞാലാണ് മതിയാവു ക, എത്ര സ്തുതിച്ചാലാണ് മതിയാവുക. ഇതൊന്നും അറിയാതെ അന്ധകാരത്തിന്റെ, ബധിരതയുടെ, മൂകതയുടെ ലോകത്ത് എത്ര പേർ! നമുക്ക് എന്തെല്ലാം ഉണ്ടായിട്ടും ഇല്ലാത്തതിനെച്ചൊല്ലി വേവ ലാതിപ്പെടുന്നില്ലേ..... പാടില്ല. ഒരിക്കലും പാടില്ല.

ഈ സൗന്ദര്യം ഇത്ര സുന്ദരമായ അവയവങ്ങൾ എല്ലാം ഈശ്വരൻ നമുക്ക് എന്തിനാണ് തന്നത്? നല്ല വേല ചെയ്യാൻ സമൂ ഹത്തിന് നന്മചെയ്യാൻ. അന്നന്നു ചെയ്യേണ്ട ജോലികൾ കൃത്യനി ഷ്ഠയോടെ ചെയ്യുവാൻ. നാളെ നാളെ എന്നു മാറ്റിവച്ച് നമ്മുടെ ഒരു കാര്യത്തിലും - പഠിത്തം, ജോലി തുടങ്ങിയവയിൽ വീഴ്ച വരുത്തരുത്.

ഇന്നു നിങ്ങൾ കുഞ്ഞുങ്ങളാണ്. പക്ഷേ, നാളെ നിങ്ങളുടെ കൈയിലാണ് ഈ രാജ്യത്തിന്റെ ഭാവി. മടി പിടിച്ച ഒരു സമൂഹം നമുക്ക് ആവശ്യമില്ല. വ്യക്തികൾ നന്നായാലേ സമൂഹം നന്നാ കൂ............. അതുകൊണ്ട് നിങ്ങൾ ഒരോരുത്തരും "നിശ്ചിത സമയ ത്തിനു മുമ്പ് ജോലി പൂർത്തിയാക്കുക; യഥാകാലം ദൈവം പ്രതി ഫലം തരും" (പ്രഭാഷക - 50:30).

എല്ലാം കൃത്യനിഷ്ഠയോടുകൂടി ചെയ്യുന്ന ഒരു കുട്ടി, ക്ലാസി ന്റെ, സ്കൂളിന്റെ അഭിമാനമായിരിക്കും. അവന് ആരുടെ മുമ്പിലും തലകുനിക്കേണ്ടതില്ല. മാതാപിതാക്കളുടേയും ഗുരുക്കന്മാരുടേയും സ്നേഹവും പ്രോത്സാഹനവും അവന് ആവോളം നുകരാം. അവന് ജീവിതത്തിൽ വിജയം മാത്രമേ ഉണ്ടാകു. അല്ലാത്തവർക്കോ ഫലം വിപരീതം.

നിങ്ങൾ ഇന്നു മുതൽ ചെയ്യേണ്ട കാര്യങ്ങൾ സമയത്തു തന്നെ ചെയ്തു പഠിക്കുക. നാളെ (ഭാവിയിൽ) നിങ്ങളുടെ മുമ്പിൽ ഫയലുകൾ കുന്നുകൂടുകയില്ല. നിങ്ങളുടെ ശുശ്രൂഷ കിട്ടാതെ രോഗി കൾ മരിക്കില്ല; നിങ്ങളുടെ മുമ്പിൽ പഠിത്തം മുഴുവിക്കാനാവാതെ അലയുന്നവർ ഉണ്ടാവുകയില്ല.

ദൈവം തന്ന നല്ല ദാനങ്ങൾ ശരിയായി ഉപയോഗിച്ച് നല്ലതു ചെയ്യാൻ, നല്ലതു പറയാൻ, നല്ലതു കേൾക്കാൻ,നല്ലതു ചിന്തിക്കാൻ പരിശീലിക്കുക. ഈശ്വരൻ നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. പ്രതി ഫലവും വാരിക്കോരിത്തരും.

***മനുഷ്യനിലെ ജീവൻ മണ്ണിൽ നിന്നു വന്നതല്ല. ദൈവത്തിന്റേ താണ് അത്. ജീവന്റെ അതിനാഥൻ ദൈവമാണെന്നും ആ സജീ വതയിൽ ആദ്യം പങ്കു ചേർന്നതും ദൈവത്തിന്റെ ജീവനോടു തുലനം ചെയ്യുന്ന ജീവൻ പ്രാപിച്ചതും മനുഷ്യനാണ്.***

REG NO. 337/14/15/ AL-86 TC III
MONTHLY MALAYALAM
REGD. NO. KL/TV(S)/142/2009-11
Posted at Trivandrum RMS on 26th of every month

LICENSE NO. - TECH/53/2009-2011 'LICENSED TO POST WITHOUT PRE PAYMENT'

വിവിധ വിഭാഗങ്ങൾക്ക് നേതൃത്വം നൽകുന്നു. റവ. ജോൺ അലക്സ് ക്രിസ്തുമസ് സന്ദേശം നൽകി. തുടർന്ന് അവിടെയുള്ള സഹോദരങ്ങളോടൊപ്പം ചേർന്ന് ഭക്ഷണം കഴിച്ച ശേഷം ഗ്രെയ്സ് ഹോമിലെ കുരുന്നുകളുടെ നിഷ്കളങ്ക മുഖങ്ങൾ നൽകിയ സന്തോഷകരമായ ഓർമ്മകളുമായി ഞങ്ങൾ ഇന്ത്യയിലേക്ക് മടങ്ങി.

നേപ്പാളിൽ നടക്കുന്ന ഫലപ്രദമായ പ്രവർത്തനങ്ങൾ ശ്രദ്ധിച്ചാലും. ഏറെ ആവശ്യങ്ങൾ അവിടെ ബാക്കിയാണ്. അടുത്ത കാലം വരെ സുവിശേഷത്തിനു മുന്നിൽ വാതിൽ അടയ്ക്കപ്പെട്ടിരുന്ന നേപ്പാളിൽ ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങൾ ദൈവത്തിന്റെ അത്ഭുത കരങ്ങളുടെ പ്രവർത്തി മാത്രമാണ്. ക്രിസ്തുവിന്റെ വരവിനായി ഈ ജനതയെ ഒരുക്കത്തക്ക വിധത്തിൽ ഈ വേല വർദ്ധിപ്പിക്കുവാൻ നിങ്ങൾ സഹായിക്കുമോ? നിങ്ങൾക്ക് ഉചിതമെന്ന് തോന്നുന്ന ഏറ്റവും ഫലപ്രദമായ പ്രവർത്തനത്തിനായി കൈതാങ്ങാമോ?





*നേപ്പാളിൽ നടന്ന ക്രിസ്തുമസ് ദിന ചടങ്ങുകളുടെ വിവിധ ദൃശ്യങ്ങൾ*


# ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ

ഇന്ത്യയിലും അയൽരാജ്യങ്ങളായ നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിലുമായി ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ നേതൃത്വം നൽകി വരുന്ന പ്രവർത്തനങ്ങൾ അനവധിയാണ്. താങ്കൾക്കും ഇതിൽ പങ്കാളിയാകാം.

**റസിഡൻഷ്യൽ മിഷണറി പ്രവർത്തനങ്ങൾ**



**സഞ്ചരിക്കുന്ന കൂടാര ശുശ്രൂഷ**



**ഗ്രെയ്സ് ഫെസ്റ്റുകൾ**



**ക്രിസ്തുകൃപ ആശ്രമങ്ങൾ**



**ഹാപ്പി ഫാമിലി മിഷൻ**



**പബ്ലിക്കേഷൻസ്**



**മാസിക പ്രവർത്തനങ്ങൾ**



**സൗജന്യ വിദ്യാഭ്യാസ പരിപാടികൾ**



**മറ്റു പ്രവർത്തനങ്ങൾ**

- ★ TIMES (തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മിഷൻ & ഇവാൻജലിസം സ്റ്റഡീസ്)
- ★ SMRITI (സ്കൂൾ ഒഫ് മേജർ റിലിജിയൻസ് & ഇന്ത്യൻ ക്രിസ്റ്റ്യൻ തിയോളജി)
- ★ ഏലീം മെഡിക്കൽ എയ്ഡ്
- ★ കാൽവറി ബ്ലഡ് ഡോണേഴ്സ് ഫോറം
- ★ ഡിസൈപ്പിൾസ് ഫാമിലി ഫെല്ലോഷിപ്പ്
- ★ പ്രെയർ സെല്ലുകൾ
- ★ ലിഡിയ ടെയിലറിങ്ങ് സ്കൂൾ
- ★ ഗ്രേഷ്യ കമ്പ്യൂട്ടർ ട്രെയിനിങ്ങ് സെന്റർ
- ★ ഗുരുകുലം വിദ്യാപീഠം
- ★ രഹബോത്ത് ഡ്രിങ്കിങ്ങ് വാട്ടർ പദ്ധതി
- ★ ഹന്ന പ്രെയർ
- ★ സത് - സംഗ്

**Grace Ministries of India**, Nanthancode, Trivandrum- 695 003
☎ 0471 - 2311439 E-mail : graceministriesofindia@yahoo.com
Web Site : www.graceindia.in
A/C No. 009901000020000 (I.O.B, Main Branch, Statue, Trivandrum)